# NERVEEDHI

Volume - 14, Issue - 8, 10th August 2025, Monthly, Price ₹ 25, Published at Kottayam
വാല്യം – 14, ലക്കം – 8, ആഗസ്റ്റ് 2025 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



# സ്നേഹം ഇല്ല എങ്കിൽ...

പേജ് 4

Editorial

# സ്നേഹത്തിന്റെ ക്ഷാമം

കേരളത്തിലെ ആത്മീയ ഉണർവിന്റെ ആരംഭ വർഷങ്ങളിൽ സഭകളിൽ സമൃദ്ധമായ ദൈവസ്നേഹം ദൃശ്യമായിരുന്നു. അക്കാലങ്ങളിൽ അനേകരെ വിശ്വാസജീവിതത്തിലേക്കു ഹഠാത്താകർഷിച്ച എടുത്തു പറയാവുന്ന ഒരു സവിശേഷത! അതേസമയം സാമ്പത്തിക ദാരിദ്ര്യം രൂക്ഷവുമായിരുന്നു. ഉള്ളവർ ഇല്ലാത്തവരെ കരുതുകയും ഉള്ളത് പങ്കു വയ്ക്കുകയും ചെയ്തിരുന്ന ഒരു അനുഗ്രഹീത കാലം. വർഷങ്ങൾ പോകെപ്പോകെ കാര്യങ്ങൾ മാറിമറിഞ്ഞു. സാമ്പത്തിക ഉന്നമനവും സമൃദ്ധിയും വളർന്നു വന്നപ്പോൾ സ്നേഹത്തിന്റെ ക്ഷാമം എവിടെയും പ്രകടമായി.

സ്നേഹത്തിന്റെ ദാരിദ്ര്യം അനുഭവപ്പെട്ടു തുടങ്ങിയപ്പോൾ സഭയുടെ പൊതുവായ കാഴ്ചപ്പാടിലും മലക്കം മറിച്ചിൽ ഉണ്ടായി. ആദ്യകാലങ്ങളിൽ മാസയോഗങ്ങളിൽ കേട്ടിരുന്ന ആഹ്വാനം, 'കഴിഞ്ഞ മാസയോഗത്തിനു ശേഷം വീണ്ടുംജനിച്ചവരും സ്നാനപ്പെട്ടവരും മുന്നിലേക്ക് വന്നു തങ്ങളുടെ അനുഭവസാക്ഷ്യം പ്രസ്താവിക്കട്ടെ എന്നായിരുന്നു'. എന്നാലിക്കാലങ്ങളിൽ, 'വിദേശങ്ങളിൽ നിന്ന് അവധിക്കു വന്നവർ മുന്നിലേക്ക് വന്നു സാക്ഷ്യം പറയട്ടെ' എന്ന് പരിണമിച്ചു. അതിനു കാരണവുമുണ്ട്. അക്കാലങ്ങളിൽ എല്ലാ സഭകളിലും വീണ്ടും ജനനം പ്രാപിച്ചവർ ഏറിയും കുറഞ്ഞുമെങ്കിലും ഉണ്ടായിരുന്നു. ദൈവസ്നേഹത്തിൽ വേരൂന്നിയുള്ള പ്രവർത്തനങ്ങളുടെ ഫലം ആയിരുന്നു അത്. നിർഭാഗ്യവശാൽ റിപ്പോർട്ട് എഴുതുവാനുള്ള പ്രവർത്തനങ്ങൾ മാത്രമായി ഇന്ന് അത് തരംതാണു പോയി.

വെളിപ്പാട് പുസ്തകത്തിലെ സഭകൾക്കുള്ള ദൂതിൽ എഫെസൊസിലെ സഭയോട് വളരെക്കാര്യങ്ങൾ പ്രകീർത്തിച്ച ശേഷം 'നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ച് പറയുവാനുണ്ട്' എന്ന് വേദനയോടെ കർത്താവു പറയുന്നുവല്ലോ. സ്നേഹത്തിൽ വേരുകൾ ആഴ്ന്നിറങ്ങി അതിൽത്തന്നെ അടിസ്ഥാനം ഇട്ടവരായി എല്ലാ ജ്ഞാനത്തിനും അതീതമായ ക്രിസ്തുസ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും എന്തെന്നു സകലവിശുദ്ധരോടുമൊപ്പം ഗ്രഹിക്കാൻ ശക്തി ലഭിക്കണമെന്നായിരുന്നു ആ സഭയുടെ ആരംഭത്തിങ്കൽ പൗലോസിന്റെ പ്രാർത്ഥന. ആരംഭത്തിൽ അവരുടെ ജീവിതവും അങ്ങനെ തന്നെയായിരുന്നു. എന്നാൽ ഏതാണ്ട് 50 വർഷം കൊണ്ട് അവർക്കുണ്ടായ സ്നേഹത്തിന്റെ ദാരിദ്ര്യത്തെക്കുറിച്ച് വെളിപ്പാടിൽ കാണുന്നു. 'ഞാൻ ധനികൻ, സമ്പത്തുള്ളവനായിത്തീർന്നിരിക്കുന്നു, എനിക്ക് ഒന്നിനും കുറവില്ല' എന്ന് ലാവോദിക്യ സഭ ഊറ്റം കൊള്ളുമ്പോൾ കർത്താവ് അവരോടു പറയുന്നത്: നിങ്ങൾ നിസ്സഹായരും പരമദയനീയരും ദരിദ്രരും അന്ധരും നഗ്നരും നികൃഷ്ടരും ആണെന്നല്ലേ? ഇന്നത്തെ ഒട്ടുമിക്ക സഭകളുടേയും അവസ്ഥ ഇതല്ലേ?

സമൃദ്ധമായ സ്നേഹത്തിന്റെ ആവശ്യകതയെക്കുറിച്ചാണ് ഈ ലക്കത്തിലെ സന്ദേശം. അന്ത്യകാലത്തിന്റെ അന്ത്യനിമിഷത്തിലായിരിക്കുന്ന നാം സമയം തക്കത്തിലുപയോഗിച്ചു കൊണ്ട് ജാഗ്രതയോടെ ഉണരണം എന്ന് പ്രബോധിപ്പിക്കുന്നു ഇതര ലേഖനങ്ങൾ. നിത്യതയെ ലാക്കാക്കിക്കൊണ്ട് പ്രയാണം ചെയ്യുവാൻ ഓരോ വായനക്കാരെയും ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ മാസിക സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 14 ലക്കം 8
ആഗസ്റ്റ് 2025

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**സ്നേഹം ഇല്ല എങ്കിൽ...** 4
ജോയ് എം. തോമസ്

**ഞാൻ ദൈവത്തിനു ഭാരമാകുന്നുണ്ടോ?** 7
സാജു മാത്യു

**എന്നേക്കുമായുള്ള ഏകയാഗം** 9
ചെയ്സ് ജോസഫ്

**സൗമ്യതയും താഴ്മയും ഉള്ള യേശു** 11
ഡോ. സി. റ്റി. ലൂയിസ്കുട്ടി

**വിജയത്തിലേക്ക് നയിക്കുന്ന മനോഭാവം** 13
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**ഗാന പശ്ചാത്തലം** 15

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**വനിതാ വീഥി** 18
സുജ വിനു

**പൊയ്മുഖങ്ങൾ വലിച്ചെറിഞ്ഞില്ലെങ്കിൽ...** 20
ചാൾസ് സ്പർജൻ

**ദൈവസഭ ഒരു ആത്മിക മന്ദിരം** 22
ജോൺസൺ കടമ്പനാട്

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

**സന്ദേശം**



ജോയ് എം തോമസ്

# സ്നേഹം ഇല്ല എങ്കിൽ...

**ക്രി**സ്തീയജീവിതം സ്നേഹത്തിലധിഷ്ഠിതമാണ്. ക്രിസ്തീയജീവിതത്തെ ഏറ്റവും ശ്രേഷ്ഠവും മഹത്തരവും ആക്കുന്നത് 'പരസ്പരം സ്നേഹിക്കുവാനുള്ള' ക്രിസ്തുവിന്റെ പ്രമാണം പാലിക്കുമ്പോഴാണ്. സ്നേഹം ഇല്ല എങ്കിൽ എല്ലാം വ്യർത്ഥമായിത്തീരുന്നു എന്നതാണ് വാസ്തവം. പരസ്പരം സ്നേഹിക്കുവാനുള്ള ക്രിസ്തുവിന്റെ പ്രമാണം വളരെ ഗൗരവമായി കാണുകയും അത് പ്രമാണിക്കുന്നതിന് എത്രമാത്രം ആത്മാർത്ഥതയുണ്ടെന്ന് സ്വയം പരിശോധിക്കേണ്ടതും വളരെ അത്യാവശ്യമാണ്.

പരിശുദ്ധാത്മാവിന്റെ നിയോഗത്താൽ അപ്പോസ്തലനായ പൗലോസ് നൽകുന്ന പ്രബോധനം ശ്രദ്ധിക്കുക: 'ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്കു ഒരു പ്രയോജനവും ഇല്ല'(1 കൊരിന്ത്യർ 13:1 -3). അപ്പോസ്തലന്റെ വാക്കുകൾ നമ്മെ ഭയപ്പെടുത്തുന്നില്ലേ? ദൂതന്മാരുടെ ഭാഷയിൽ സംസാരിക്കുവാൻ കഴിയുന്ന ഭാഷാവരവും, സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിക്കുവാൻ കഴിയുന്ന പ്രവചനവരവും, മലകളെ നീക്കുവാൻ കഴിയുന്ന വിശ്വാസവുമുള്ള ഒരു വ്യക്തിയെക്കുറിച്ച് നാം എന്താണ് ചിന്തിക്കുന്നത്? ദൈവത്തോട് ഏറ്റവും അടുത്തിരിക്കുന്ന വ്യക്തി എന്നുതന്നെ അല്ലേ? ശക്തനായ ഒരു അഭിഷിക്തൻ! ഇപ്രകാരമുള്ള വ്യക്തിയായാലും സ്നേഹമില്ല എങ്കിൽ...? എന്നുള്ള പൗലോസിന്റെ പ്രസ്താവന വളരെ ഗൗരവമായി കാണണം. ഈ വരങ്ങൾ എല്ലാം ആത്മീയജീവിതത്തിൽ പ്രയോജനം ഉള്ളതും ദൈവനാമമഹത്വത്തിന് കാരണവും ആകുന്നത് ദൈവസ്നേഹത്തിൽ നിറഞ്ഞവരായി വരങ്ങൾ ഉപയോഗിക്കുമ്പോഴാണ്. സ്നേഹത്തിന്റെ അഭാവത്തിൽ ഈ വരങ്ങൾക്ക് ദൈവം വില കൽപ്പിക്കുന്നില്ല. ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ കഴിയാതെ, പകയും ഈർഷ്യയും ഒക്കെ ഹൃദയത്തിൽ സൂക്ഷിക്കുന്നവർ ആത്മീകരല്ല.

പൗലോസ് തുടർന്നു പറയുന്നു: 'എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും, എന്റെ ശരീരം ചുടുവാൻ ഏൽപ്പിച്ചാലും'... ഈ കർമ്മങ്ങൾ ത്യാഗത്തിന്റെയും തികഞ്ഞ ആത്മീയതയുടെയും ഫലങ്ങൾ അല്ലേ എന്ന് നാം ചിന്തിച്ചേക്കാം. പക്ഷേ, സ്നേഹം ഇല്ല എങ്കിൽ... എല്ലാം വ്യർത്ഥം. നാം നമ്മെത്തന്നെ ശോധന ചെയ്യേണ്ടത് വളരെ അത്യാവശ്യം. നമ്മുടെ അല്പ്പായുസ്സ് ശ്രദ്ധയോടെ ജീവിച്ചില്ലെങ്കിൽ പിന്നീട് ദു:ഖിക്കേണ്ടി വരില്ലേ? പിന്നെ ദു:ഖിച്ചാലും പ്രയോജനം ഉണ്ടോ? നമുക്ക് അനുവദിക്കപ്പെട്ടത് ഈ ആയുസ്സ് മാത്രമാണ്. എങ്ങനെ ജീവിക്കണം എന്നത് നമ്മുടെ തിരഞ്ഞെടുപ്പാണ്.

സ്നേഹത്തിന്റെ അഭാവത്തെക്കുറിച്ച് എത്രപേർ ഗൗരവമായി കാണുന്നുണ്ട്? കർത്താവ് നമുക്ക് നൽകിയ പുതിയ കൽപ്പന 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ അന്യോന്യം സ്നേഹിക്കുക' (യോഹന്നാൻ 13:34) എന്നതാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ അന്യോന്യം സ്നേഹിക്കുന്നതാണ് ക്രിസ്തീയ ജീവിതം. സ്നേഹത്തിൽ അധിഷ്ഠിതമായി ജീവിക്കുക എന്നതാണ് നമുക്കുള്ള ദൈവത്തിന്റെ നിയോഗം.

'സ്നേഹിക്കുക' എന്നത് കഠിനമായ ഒരു കാര്യം എന്ന് ചിന്തിക്കരുത്. കഠിനമായ ഒരു കല്പ്പനയും കർത്താവ് നമുക്ക് നൽകിയിട്ടില്ല. എങ്ങനെയാണ് സ്നേഹിക്കേണ്ടത് എന്ന് കർത്താവ് വ്യക്തമായി പറഞ്ഞിട്ടുണ്ട്. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ'! കർത്താവിന്റെ സ്നേഹം അനുഭവിച്ചവരോടും അനുഭവിച്ചുകൊണ്ടിരിക്കുന്നവരോടും ആണ് കർത്താവ് പറയുന്നത്. സ്നേഹത്തിന്റെ ഉറവിടം കർത്താവാണ്. കർത്താവ് നമ്മെ സ്നേഹിക്കുന്നു, അഥവാ കർത്താവിന്റെ സ്നേഹം നമ്മിലേക്ക് പകർന്നു നൽകുന്നു.

നമ്മുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ അല്ല കർത്താവ് നമ്മെ സ്നേഹിച്ചത് എന്ന് നമുക്കറിയാം. നാം ശത്രുക്കൾ ആയിരിക്കുമ്പോഴും പാപികൾ ആയിരിക്കുമ്പോഴും അല്ലേ കർത്താവ് നമ്മെ സ്നേഹിച്ചത്! എത്ര ആഴമായിട്ടാണ് കർത്താവ് നമ്മെ സ്നേഹിച്ചത്, സ്നേഹിക്കുന്നത്? തന്റെ ജീവൻ നൽകി അവിടുന്ന് നമ്മെ സ്നേഹിച്ചു. ഈ സ്നേഹം നാം അനുഭവിക്കുന്നുണ്ടെങ്കിൽ, ക്രിസ്തു നമ്മിൽ ജീവിക്കുന്നു എങ്കിൽ, തീർച്ചയായും ആ സ്നേഹം നമ്മിൽ നിന്നും ഒഴുകിത്തുടങ്ങും. ഈ സ്നേഹം മറ്റുള്ളവരിലേക്ക് ഒഴുകുവാൻ നാം അനുവദിക്കുമ്പോൾ, ക്രിസ്തുവിന്റെ സ്നേഹത്തിൽ നാം മറ്റുള്ളവരെ സ്നേഹിക്കുന്നവരായിത്തീരുന്നു. ദൈവസ്നേഹം നമ്മിൽ നിന്നും അനുസ്യൂതമായി ഒഴുകുമ്പോഴാണ് മറ്റുള്ളവരെ സ്നേഹിക്കുവാൻ കഴിയുന്നത്, സ്നേഹിക്കുന്നത് കഠിനം അല്ലാത്ത കാര്യമായി മാറുന്നത്. സ്നേഹം ദീർഘമായി ക്ഷമിക്കുന്നതും (1 കൊരിന്ത്യർ13: 4), പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നതും (1 പത്രോസ് 4: 8), ഭയത്തെ പുറത്താക്കുന്നതും (1 യോഹന്നാൻ 4:18) ആണ്. ദൈവസ്നേഹം നമ്മിൽ നിറയുമ്പോൾ അപരനെ കുറവുകൾ നോക്കാതെ സ്നേഹിക്കുവാൻ കഴിയും. മറ്റുള്ളവരെ സ്നേഹിക്കുവാൻ നാം എത്രമാത്രം പ്രാപ്തരാകുന്നു എന്നത് ക്രിസ്തുവിന്റെ സ്നേഹം എത്രമാത്രം നാം പ്രാപിക്കുന്നു, അനുഭവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് ക്രിസ്തുവിന്റെ സ്നേഹം കൂടുതൽ കൂടുതൽ അറിയുവാനും, അനുഭവിക്കുവാനും കഴിയുന്നതാണ് ജയകരമായ ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയാകുന്നത്.

പരസ്പരം സ്നേഹിക്കുവാൻ കഴിയുമ്പോൾ ഊഷ്മളമായുള്ള ബന്ധത്തിന് ഉടമകളായി നാം തീരുകയാണ്. ദൈവത്തോടും മറ്റ് ദൈവമക്കളോടുമുള്ള ബന്ധം ദൃഢതയുള്ളതായിത്തീരുന്നു. ജീവിതം എത്ര സന്തോഷകരമായിരിക്കും എന്ന് ചിന്തിക്കുക. കപടതയില്ലാത്ത ഒരു ആത്മീയ ജീവിതം നമുക്ക് നയിക്കുവാൻ കഴിയുന്നു. എന്നാൽ ദൈവസ്നേഹം നഷ്ടപ്പെട്ടാൽ ജീവിതം വെറും പൊള്ളയായി മാറുന്നു. മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ പോലെ ആയിത്തീരും.

വെളിപ്പാട് പുസ്തകം രണ്ടാം അധ്യായത്തിൽ യേശുകർത്താവ് സഭകൾക്ക് നൽകുന്ന സന്ദേശത്തിൽ ആദ്യത്തെ ദൂത് എഫെസോസ് സഭയോടാണ്. പലകാര്യങ്ങളിലും അവരെ പ്രകീർത്തിച്ച കർത്താവ് അവരുടെ ഉള്ളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു: 'എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ച് പറവാൻ ഉണ്ട്, നീ ഏതിൽ നിന്ന് വീണിരിക്കുന്നു എന്ന് ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക, അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും' (വെളിപ്പാട് 2:4,5).

'ആദ്യസ്നേഹം' അതായത് വിശ്വാസികൾക്ക് ദൈവത്തോടും സഹവിശ്വാസികളോടും

ആരംഭത്തിൽ ഉണ്ടായിരുന്ന സ്നേഹം കുറഞ്ഞു പോയിരിക്കുന്നു. ഏതിൽ നിന്നു വീണു അഥവാ ഏത് കാരണത്താലാണ് സ്നേഹം കുറഞ്ഞുപോയത് എന്നത് മനസ്സിലാക്കി ആദ്യത്തെ പ്രവൃത്തി ചെയ്യുവാൻ കർത്താവ് കൽപ്പിച്ചു.

നമ്മിലെ ദൈവസ്നേഹം കുറഞ്ഞു പോകുവാനുള്ള കാരണം എന്തെല്ലാം എന്ന് നാം ഓരോരുത്തരും കണ്ടെത്തണം. അതിന് പരിഹാരം ഉണ്ടാക്കണം. ആദ്യസ്നേഹം, ആദ്യവിശ്വാസം, ആദ്യത്തെ പ്രവൃത്തി... ഇത് അവസാനത്തോളം നിലനിർത്തണം. 'ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചു കൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നു' (എബ്രായർ 3:14). അല്ലെങ്കിൽ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്ന് നീക്കും എന്നു കർത്താവ് മുന്നറിയിപ്പ് നൽകുന്നു. നമ്മിലെ ദൈവസ്നേഹം നഷ്ടപ്പെടുന്നതിനെ അവഗണിച്ച് നിസ്സാരമായി കണ്ട് മുന്നോട്ട് പോയാൽ അത് വലിയ അപകടം ആണെന്ന് കർത്താവ് മുന്നറിയിപ്പ് നൽകുന്നു. ദൈവരാജ്യത്തിൽ നമുക്ക് സ്ഥാനമേ ഉണ്ടായിരിക്കില്ല.

'ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ' എന്നാണ് കർത്താവിന്റെ അരുളപ്പാട്. ഇന്ന് ഈ ദൂത് കേൾക്കുവാൻ ആർക്കും ചെവി ഇല്ലേ? ദൈവശബ്ദം കേൾക്കുന്ന ചെവികൾ അടഞ്ഞുപോയോ? സ്നേഹമില്ല എങ്കിൽ ഒന്നും ഇല്ല എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ദൈവമക്കൾ ദൈവസന്നിധിയിൽ അനുതപിച്ച് ദൈവസ്നേഹം പ്രാപിക്കുവാൻ ഹൃദയങ്ങളെ തുറക്കുന്നു എങ്കിൽ നമ്മുടെ സഭകളിൽ ഒരു ഉണർവ്വ് ആളിക്കത്തുമായിരുന്നു.

സഭയിലെ എല്ലാ അനാത്മികതയും, രാഷ്ട്രീയ പോരുകളും, സ്ഥാനമാനങ്ങൾക്ക് വേണ്ടിയുള്ള അടിപിടിയും, വിലപേശലും എല്ലാം അവസാനിക്കുകയും സഭ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുമായിരുന്നു. നമുക്ക് ഓരോരുത്തർക്കും നമ്മിലേക്ക് തിരിഞ്ഞു നോക്കാം. സ്നേഹം നഷ്ടപ്പെടുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം വരുത്താം. കർത്താവിന്റെ സ്നേഹത്തെ, ക്രൂശിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തെ ധ്യാനിച്ച് ആ ദിവ്യസ്നേഹത്താൽ നമുക്ക് നിറയപ്പെടാം. ദൈവസ്നേഹം നമ്മിലൂടെ അനുസ്യൂതമായി ഒഴുകുവാൻ ഇടയാകട്ടെ. •

## കവിഞ്ഞൊഴുകുന്ന ഉറവ ...

**സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ എന്ന പരിശുദ്ധാത്മാവിന്റെ പ്രബോധനത്തേക്കാൾ പ്രധാനം അത്ഭുതങ്ങളോടും അടയാളങ്ങളോടും ഉള്ള ഭ്രമവും, സ്ഥാന മാന പദവികളോടുള്ള ആസക്തിയും, അപ്രധാന വിഷയങ്ങൾ തലനാരിഴ കീറി സ്ഥാപിക്കുന്നതും ആണെങ്കിൽ നാം ഒട്ടകത്തെ വിഴുങ്ങുകയും കൊതുകിനെ അരിച്ചെടുക്കുകയും ചെയ്യുന്ന പരീശന്മാർക്കു തുല്യരായിരിക്കും. ആദ്യസ്നേഹത്തിലേക്ക് മടങ്ങി വരുന്നതിനേക്കാൾ നമുക്ക് താല്പര്യം കർതൃമേശ രാത്രിയിലാണോ പകലാണോ നടത്തേണ്ടത് എന്നിങ്ങനെയുള്ള അപ്രസക്തമായ കാര്യങ്ങളെച്ചൊല്ലിയുള്ള സംവാദങ്ങൾ ആണെങ്കിൽ തീർച്ചയായും നാം മതഭക്തന്മാർ മാത്രമാണ്. ദൈവസ്നേഹമില്ലാതെ ദാനധർമ്മങ്ങൾ ചെയ്യുന്നവരും പ്രാർത്ഥിക്കുന്നവരും ഉപവസിക്കുന്നവരും കടലും കരയും ചുറ്റി നടന്നു തങ്ങളുടെ മതത്തിലേക്ക് ആളുകളെ ചേർക്കുന്നവരുമായിരുന്നു പരീശന്മാർ. അവർക്ക് ഉള്ളിൽ ദൈവസ്നേഹം ഇല്ല എന്നാണ് കർത്താവ് അവരെക്കുറിച്ച് പറഞ്ഞത്. സ്നേഹമില്ല എങ്കിൽ നാം ഏതുമില്ല എന്നു തിരുവെഴുത്ത് മുന്നറിയിപ്പ് നൽകുന്നു. ദൈവനാമത്തിൽ ചെയ്യുന്ന എല്ലാ പ്രവൃത്തികളും ദൈവനാമ മഹത്വത്തിനും പുകഴ്ചയ്ക്കും ദൈവസ്നേഹത്താൽ നിറഞ്ഞും ചെയ്യുവാൻ നാം ശ്രദ്ധിക്കണം. അങ്ങനെ ദൈവത്തോടുള്ള കറകളഞ്ഞ സ്നേഹത്തിൽ മുന്നേറിക്കൊണ്ട് ക്രിസ്തുവിന്റെ അനുയായികളായി ജീവിക്കാം. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും സുസ്ഥിരമായിരിക്കും. എന്നാൽ ഇവയിൽ ഏറ്റവും മഹത്തായതോ സ്നേഹം തന്നെ.**



സാജു മാത്യു

# ഞാൻ ദൈവത്തിനു ഭാരമാകുന്നുണ്ടോ?

***'യഹോവ എന്തുത്തരം പറഞ്ഞിരിക്കുന്നു? യഹോവ എന്തരുളിച്ചെയ്തിരിക്കുന്നു എന്നിങ്ങനെയത്രേ ഓരോരുത്തൻ തന്റെ കൂട്ടുകാരനോടും താന്താന്റെ സഹോദരനോടും ചോദിക്കുന്നത്' (യിരെമ്യാവ് 23:35).***

ഒരു ബിസിനസുകാരന്റെ വാക്കുകൾ ഓർക്കുന്നു. ബിസിനസ്സിൽ എന്തൊരു ടെൻഷനാണു നമ്മൾ അനുഭവിക്കുന്നത്. കസ്റ്റമേഴ്സ് പണ്ടത്തെപ്പോലെയൊന്നുമല്ല, ചെറിയ പാളിച്ച പറ്റിയാലുടൻ കംപ്ലെയിന്റുമായി പോകും. സെയിൽസ് ടാക്സുകാരുടെ പേടിപ്പിക്കൽ, ഇൻകം ടാക്സുകാരുടെ വിരട്ടൽ... ആറു ദിവസം അധ്വാനിച്ച് ഏഴാം ദിവസം സ്വസ്ഥത കിട്ടാനാണ് സഭായോഗത്തിനു പോകുന്നത്. അവിടെ ചെല്ലുമ്പോൾ അതാ വരുന്നു, പുൾപിറ്റിൽ നിന്ന് അടുത്ത ബോംബ്: 'ദൈവത്തെ മറക്കുന്നവരേ ഓർത്തുകൊൾവിൻ... അവൻ നിങ്ങളെ കീറിക്കളയും...'ഒരു ആശ്വാസത്തിന് ആരാധിക്കാൻ ചെന്നതാ... അവിടെ കേൾക്കുന്നതു 'കീറിക്കളയുമെന്ന്'.

മനുഷ്യർക്കു എപ്പോഴും വേണ്ടത് ആശ്വാസത്തിന്റെ വചനങ്ങളാണ്. വഴിയെ പോകുന്ന സകലർക്കും 'ആശ്വാസം' നൽകുന്ന ഇടമൊന്നുമല്ല സഭ. അനുതപിക്കുന്നവർക്ക് അവിടെനിന്ന് ആശ്വാസം ലഭിക്കേണ്ടതുണ്ട്. എന്നാൽ, ദൈവത്തെ അനുസരിക്കാത്തവരോട്, ദൈവത്തെ മറക്കുന്നവരോട്, പുൾപ്പിറ്റിൽ നിന്ന് എന്താണു പറയേണ്ടത്? ദൈവം നിങ്ങളെ തഴുകിത്തലോടുമെന്നോ? ഒരാഴ്ച കച്ചവടത്തിൽ കള്ളത്തരവും ടാക്സ് വെട്ടിക്കലും നടത്തി, ജോലിക്കാരെ ചീത്തവിളിച്ച്, അവരുടെ ശമ്പളം സമയത്തു കൊടുക്കാതെ 'ദൈവത്തെ മറന്നു' ജീവിക്കുന്നവൻ ഞായറാഴ്ച സഭാരാധനയിൽ വന്ന് ആശ്വാസം കൈക്കൊള്ളാൻ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾക്കു 'ദൈവം ആരെന്നറിയില്ല, സഭ എന്തെന്നറിയില്ല'! അങ്ങനെയുള്ളവരെ ആശ്വസിപ്പിക്കാൻ പുൾപ്പിറ്റിൽ നിന്നു പ്രസംഗിക്കുന്നവൻ ദൈവത്തിന്റെ പ്രവാചകനുമല്ല. 'ദൈവത്തെ മറക്കുന്നവരേ ഇതോർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും, വിടുവിപ്പാൻ ആരും ഉണ്ടാകുകയില്ല...' എന്നാൽ, 'തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവനു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും' (സങ്കീർത്തനം 50:22, 23).

*യിരെമ്യാവ് 23: 33-40* വരെയുള്ള വേദഭാഗത്ത്, ദൈവത്തിന്റെ പ്രവാചകനായ യിരെമ്യാവിനെ കാണുമ്പോഴേ ജനങ്ങൾ അവനോടു ചോദിക്കാൻ തുടങ്ങി: 'പ്രവാചകാ, എന്താണു യഹോവയുടെ അടുത്ത ഭാരം? (യിരെമ്യാവ് 23:33). ദൈവത്തിന്റെ ആലോചന അറിയാനുള്ള ഉത്സാഹത്താലല്ല ഈ ചോദ്യം. പ്രത്യുത, ഇതൊരു പരിഹാസച്ചോദ്യമാണ്. 'ഇനി എന്തു പുതിയ ദുരന്തത്തിന്റെ പ്രവചനമാണു നിന്റെ കയ്യിലുള്ളത്...' എന്നാണു ചോദ്യം. കാരണം, യിരെമ്യാവ് എപ്പോഴും യിസ്രായേലിനു ദുരന്തം മാത്രം പ്രവചിച്ചു. എപ്പോഴും ദുരന്തം മാത്രം പ്രവചിക്കണമെന്നു യിരെമ്യാവിനു നിർബന്ധമുണ്ടായിട്ടൊന്നുമല്ല. വാസ്തവത്തിൽ യിരെമ്യാവിന്

യിസ്രായേലിനു വേണ്ടി ഒരിക്കലെങ്കിലും ഒരു ആശ്വാസവചനം പ്രവചിക്കണമെന്നു ആഗ്രഹമുണ്ട്. എന്നാൽ, എന്തു ചെയ്യാം? പാപത്തിൽ മുഴുകിക്കഴിയുന്ന യഹൂദ ജനതയോടു ദൈവത്തിന്റെ പക്കൽ ആശ്വാസവചനമൊന്നുമില്ല! എപ്പോഴും ദുരന്തം പ്രവചിക്കേണ്ടിവരുന്ന ദുരവസ്ഥയെപ്പറ്റി യിരെമ്യാവ് പരാതി പറയുന്നുമുണ്ട്: 'എന്റെ അമ്മേ, സർവ്വ ലോകത്തിനും കലഹക്കാരനും വിവാദക്കാരനുമായ എന്നെ നീ പ്രസവിച്ചുവല്ലോ. അയ്യോ കഷ്ടം... അവരെല്ലാവരും എന്നെ ശപിക്കുന്നു...'(യിരെമ്യാവ് 15:10).

ശാപം പ്രവചിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന പ്രവാചകൻ അതു ചെയ്യുന്നതു മനസ്സോടെയാണെന്ന് ആരും ചിന്തിക്കരുത്. ജനത്തിനു ആശ്വാസവചനം കൊടുക്കണമെന്നു ആയാൾക്കു ആഗ്രഹമുണ്ട്. എന്നാൽ, എന്തു ചെയ്യാൻ പറ്റും. ദൈവം ശപിക്കുന്നവരെ അനുഗ്രഹിക്കാൻ പ്രവാചകനു കഴിയുമോ? ദൈവം അനർത്ഥത്തിന്റെ മുന്നറിയിപ്പു നൽകുമ്പോൾ പ്രവാചകനു ആശ്വാസത്തിന്റെ വാക്കുകൾ പറയാൻ കഴിയുമോ? യിരെമ്യാവിനെ പരിഹസിക്കാനിറങ്ങിയിരിക്കുന്നവർ ദേശത്തിലെ ജനങ്ങൾ മാത്രമല്ല, 'ഈ ജനമോ, ഒരു പ്രവാചകനോ, പുരോഹിതനോ 'യഹോവയുടെ ഭാരം' എന്തെന്നു നിന്നോടു ചോദിക്കുന്നുവെങ്കിൽ..' (യിരെമ്യാവ് 23:33) സർവ്വജനത്തിനും അവൻ 'കലഹക്കാര'നാണ്. എന്നാൽ, ദൈവത്തെക്കുറിച്ചുള്ള അജ്ഞതയിൽ നിന്നാണ് അവർ ഈ ചോദ്യം ചോദിക്കുന്നത്. യിരെമ്യാവിലൂടെ ദൈവം അരുളിച്ചെയ്യുന്നത് 'ഭാര'മെന്ന് അവർക്കു തോന്നാൻ കാരണം, കുളിർമ്മ നൽകുന്ന പല പ്രവാചകന്മാരും അവിടെ ഉണ്ടെന്നുള്ളതിനാലാണ്.

'യെരൂശലേമിലെ പ്രവാചകന്മാരിലോ, ഞാൻ അതിഭയങ്കരമായുള്ളതു കണ്ടിരിക്കുന്നു. അവർ വ്യഭിചാരം ചെയ്തു വ്യാജത്തിൽ നടക്കുന്നു; ആരും തന്റെ ദുഷ്ടത വിട്ടുതിരിയാതെവണ്ണം അവർ ദുഷ്പ്രവൃത്തിക്കാരെ ധൈര്യപ്പെടുത്തുന്നു...' (യിരെമ്യാവ് 23: 14). 'എന്നെ നിരസിക്കുന്നവരോടു അവർ: നിങ്ങൾക്കു സമാധാനം ഉണ്ടാകുമെന്നു യഹോവ അരുളിച്ചെയ്യുന്നു എന്നു പറയുന്നു. തങ്ങളുടെ ഹൃദയത്തിന്റെ ശാഠ്യപ്രകാരം നടക്കുന്നവരോടൊക്കെയും: നിങ്ങൾക്കു ഒരു ദോഷവും വരികയില്ല എന്നും പറയുന്നു!' (യിരെമ്യാവ് 24:17). അവിടെയാണു പ്രശ്നം! യിരെമ്യാവ് 'ദുരന്തം' പ്രവചിക്കുമ്പോൾ വേറെ ചിലർ 'സമാധാനം' പ്രവചിക്കുന്നു. കള്ളപ്രവാചകന്മാരുടെ അടുത്ത് 'എല്ലാവർക്കും' സമാധാനമുണ്ട്. ദൈവത്തെ നിരസിക്കുന്നവർക്കു ശാന്തി... തന്നിഷ്ടക്കാർക്കു സൗഖ്യം! ദുഷ്പ്രവൃത്തിക്കാരെ അവർ ധൈര്യപ്പെടുത്തുന്നു...

നിങ്ങളുടെ പ്രവൃത്തികൾ ജീവിതത്തെ ബാധിക്കയില്ല എന്നു പറഞ്ഞാൽ ആർക്കാണാശ്വാസം തോന്നാത്തത്? എന്നാൽ, 'യഹോവയുടെ ക്രോധം എന്ന കൊടുങ്കാറ്റ്, വലിയ ചുഴലിക്കാറ്റു തന്നെ പുറപ്പെട്ടിരിക്കുന്നു, അതു ദുഷ്ടന്മാരുടെ തലമേൽതന്നെ ചുറ്റിയടിക്കും' (യിരെമ്യാവ് 23:19) എന്നൊരാൾ പ്രവചിക്കുമ്പോൾ സ്വാഭാവികമായും അതു 'ഭാര'മായിത്തീരുന്നു. എന്നാൽ, അവർ വ്യാജസ്വപ്നങ്ങളെ പ്രവചിച്ച്, വിവരിച്ച് ഭോഷ്ക്കുകൊണ്ടും വ്യർത്ഥപ്രശംസകൊണ്ടും, ജനത്തെ തെറ്റിച്ചുകളയുകയാണ്. യഹോവയുടെ അരുളപ്പാടുകളെ 'ഭാരം' എന്നു വിളിക്കുന്നവരോടു ദൈവത്തിന്റെ പ്രതികരണം എന്താണ്? 'നിങ്ങൾ ആകുന്നു ഭാരം!'. യഹോവയുടെ കല്പനകൾ നിങ്ങൾക്കു ഭാരമെന്നു തോന്നുന്നുവെങ്കിൽ യിസ്രായേൽ ജനമേ, നിങ്ങൾ എന്റെ കൈയിലിരിക്കുകയാണെന്നോർക്കണം. നിങ്ങളുടെ ഓരോ പാപവും നിങ്ങളുടെ ഭാരം കൂട്ടുകയാണ്. അതു എനിക്കു സഹിക്കാൻ കഴിയുന്നില്ല. ഇനിയും ഭാരം കൂട്ടിയാൽ 'ഞാൻ നിങ്ങളെ എറിഞ്ഞുകളയും' എന്നു യഹോവയുടെ അരുളപ്പാട്!

യിസ്രായേൽ ജനം, യഹോവയുടെ അരുളപ്പാടുകൾ എന്നും ഒരു ഭാരമായി കരുതി. മിസ്രയീമിൽനിന്നു വീണ്ടെടുക്കപ്പെട്ട യിസ്രായേൽ മരുഭൂമിയിൽ യഹോവയ്ക്ക് 'എന്നും' ഒരു ഭാരമായിരുന്നു. 'അവിടെവച്ചു നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു; എന്റെ പ്രവൃത്തി അവർ കണ്ടിട്ടും അവർ എന്നെ ശോധന ചെയ്തു... നാല്പതാണ്ട് എനിക്കു ആ തലമുറയോടു നീരസം ഉണ്ടായിരുന്നു....' (സങ്കീർത്തനം 95: 9,10).

മിസ്രയീമ്യരുടെ ചാട്ടവാറടിയേറ്റു പുളഞ്ഞുജീവിച്ച ജനം മരുഭൂമിയിലെത്തിയപ്പോൾ ദൈവത്തിന്റെ സാന്ത്വനത്തെ ഏറ്റെടുക്കുന്നതിനു പകരം തന്നോട് മത്സരിച്ചു! അടികൊണ്ട് അനുസരിക്കാനേ അവർ പഠിച്ചിട്ടുള്ളൂ. മത്സരികളായ ആ ജനത്തെ ദൈവം നാല്പതു ആണ്ടു സഹിച്ചു... ദൈവത്തിന്റെ കല്പനകൾ അനുസരിക്കാനോ, ഇഷ്ടം നിർവഹിക്കാനോ അവർ ഒരിക്കലും

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# എന്നേക്കുമായുള്ള ഏകയാഗം

**ന്യാ**യപ്രമാണത്തെ നാം എങ്ങനെയാണ് മനസ്സിലാക്കേണ്ടത് എന്ന് എബ്രായലേഖനം പത്താം അധ്യായം നമ്മെ പഠിപ്പിക്കുന്നു. ന്യായപ്രമാണം ക്രിസ്തുവിലൂടെ വെളിപ്പെടുവാനിരുന്ന നന്മകളുടെ നിഴൽ ആയിരുന്നു. അതുകൊണ്ട് അത് ഒരിക്കലും ദൈവം ഉദ്ദേശിച്ച നല്ല കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപം ആയിരുന്നില്ല.

ക്രിസ്തുവിലൂടെ വെളിപ്പെടാനിരുന്ന ദൈവനീതിയുടെ സാക്ഷാൽ സ്വരൂപത്തിന്റെ നിഴലായിരുന്നു ന്യായപ്രമാണം. പാപികളായ മനുഷ്യർക്ക് ദൈവത്തിനു മുമ്പിൽ നിൽക്കുവാൻ കൃപ ലഭിക്കേണ്ടതിന് ഇടവിടാതെ അർപ്പിക്കേണ്ടിയിരുന്ന യാഗങ്ങൾ ആണ് ന്യായപ്രമാണം ആവശ്യപ്പെട്ടത്. എന്നാൽ അത് ഇടവിടാതെ അർപ്പിക്കണം എന്നുള്ളതിനാൽ തന്നെ അത് പാപപരിഹാരത്തിന് ഉപയുക്തമായില്ലന്നു വ്യക്തം. ന്യായപ്രമാണം കൊണ്ട് പാപത്തിന് അറുതി വന്നിരുന്നുവെങ്കിൽ വീണ്ടും വീണ്ടും യാഗം അർപ്പിക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ല. ശാശ്വതമായ പരിഹാരം ഇല്ലാത്തതുകൊണ്ടാണ് വീണ്ടും വീണ്ടും യാഗങ്ങൾ ആവർത്തിക്കപ്പെടേണ്ടി വന്നത്. എല്ലാ മതങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. വീണ്ടും വീണ്ടും ശുദ്ധി വരുത്തിയാണ് പാപബോധത്തെ മറക്കുവാൻ എല്ലാ മതസംഹിതകളിലും മനുഷ്യൻ ശ്രമിക്കുന്നത്. എന്നാൽ ദൈവം മോശെയിലൂടെ നൽകിയ ന്യായപ്രമാണം വരാനിരുന്ന നന്മയുടെ നിഴലായിരുന്നു. ആ നിഴൽ താൽക്കാലികമായ ശുദ്ധി മനുഷ്യർക്ക് നൽകി. അത് നിത്യമായ ഒരു യാഗത്തിലേക്കുള്ള ചൂണ്ടുപലകയായി നാം മനസ്സിലാക്കണം.

വീണ്ടും വീണ്ടും ഉള്ള പാപങ്ങളുടെ ഓർമ്മ, വീണ്ടെടുപ്പ് പൂർത്തിയായിട്ടില്ല എന്നാണ് കാണിക്കുന്നത്. ഇന്ന് പൗരോഹിത്യ സഭകളിൽ ആവർത്തിച്ചു നടക്കുന്ന കുർബാനകൾ, യാഗങ്ങൾ ഇതെല്ലാം സൂചിപ്പിക്കുന്നത് അവർ ആവർത്തിക്കുന്ന യാഗങ്ങളാൽ ഒരിക്കലും നിത്യമായ പാപമോചനം ലഭിക്കുന്നില്ല എന്നുള്ളതാണ്. ജീവിതകാലം മുഴുവൻ ആ യാഗങ്ങളിൽ പങ്കെടുത്താലും മരിച്ച ശേഷവും യാതൊരു ഉറപ്പും നൽകുവാൻ ഈ ആവർത്തിക്കപ്പെടുന്ന യാഗങ്ങൾക്ക് കഴിയുന്നില്ല. അതുകൊണ്ട് മരിച്ചു പോയാലും അവർക്ക് വേണ്ടിയുള്ള യാഗങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. എപ്പോഴെങ്കിലും, യാഗങ്ങൾ ഇനി വേണ്ട, പാപത്തിന്റെ കുറ്റം മാറ്റിയിരിക്കുന്നു എന്ന ഉറപ്പ് ആർക്കും ലഭിക്കുന്നില്ല. അതുകൊണ്ട് ഒരാൾ മരിച്ച ശേഷവും അയാളുടെ പാപങ്ങളെക്കുറിച്ച് ബന്ധുക്കളായ ജീവിച്ചിരിക്കുന്നവരെ, ഓർമ്മിപ്പിച്ച് വീണ്ടും വീണ്ടും പാപപരിഹാര യാഗങ്ങൾ അർപ്പിക്കേണ്ടതായി വരുന്നു. യാതൊരു ഉറപ്പും ആർക്കും കൊടുക്കാത്ത ഈ യാഗങ്ങൾ ഏതൊരു മതത്തിന്റെയും നിലനിൽപ്പിന് ആവശ്യമാണ്. യാഗത്താൽ പൂർണ്ണമായ വീണ്ടെടുപ്പ് സാധിച്ചു എന്ന് വന്നു കഴിഞ്ഞാൽ പിന്നീ

ട് യാഗം അർപ്പിക്കുന്ന ആളുകളുടെയും യാഗവസ്തുവിന്റെയും ആവശ്യമില്ല. അങ്ങനെ വരുമ്പോൾ മതങ്ങൾ ബലഹീനമായി പോകും. അതു തടയാൻ വേണ്ടി, മതത്തിന്റെ ചൂഷണങ്ങൾ, മധ്യവർത്തികളായി ഏതു മതത്തിലും പ്രവർത്തിക്കുന്ന പുരോഹിത വൃന്ദത്തിന്റെ ഉപജീവനം, ഇതെല്ലാം നടക്കുന്നത് തുടർച്ചയായി കഴിക്കുന്ന യാഗങ്ങൾ നിമിത്തമാണ്. യേശുക്രിസ്തു തന്റെ മരണത്താൽ നീക്കിക്കളഞ്ഞ പൗരോഹിത്യം വീണ്ടും പുനസ്ഥാപിക്കപ്പെടുകയും അതിന്റെ എല്ലാ സ്വാധീനത്തോടും കൂടെ സാധാരണ ജനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു.

എബ്രായ ലേഖനത്തിൽ പ്രതിപാദിക്കുന്നത് പഴയ നിയമ ന്യായപ്രമാണ കാലഘട്ടത്തിൽ ആരംഭിച്ച, കാളകളെയും ആടുകളെയും അർപ്പിക്കുന്ന യാഗങ്ങളെക്കുറിച്ചാണ്. ഇന്നത്തെ മതങ്ങളിൽ കാണുന്ന അനുഷ്ഠാനങ്ങൾ എല്ലാം മനുഷ്യനിർമ്മിതമാണ്. എങ്കിലും പഴയനിയമ ന്യായപ്രമാണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള യാഗങ്ങൾ അങ്ങനെ ആയിരുന്നില്ല. അത് ദൈവം തന്നെ നൽകിയതായിരുന്നു. പക്ഷേ അത് എന്നന്നേക്കുമായുള്ള നിയമം ആയിരുന്നില്ല. പാപമോചനത്തിന് രക്തച്ചൊരിച്ചിൽ ആവശ്യമാണ് എന്നൊരു തത്വം ദൈവം നമ്മെ പഠിപ്പിച്ചു. ഓരോ പാപവും ദൈവത്തെ വേദനിപ്പിക്കുന്നു. പാപത്തെ നിസ്സാരമായി തള്ളുവാൻ കഴിയുകയില്ല എന്ന് ഓരോ പ്രാവശ്യവും പ്രാണവേദനയോടെ മൃഗരക്തം ചൊരിയുമ്പോൾ യാഗാർപ്പകൻ ഓർക്കണം എന്ന് ദൈവം ആഗ്രഹിച്ചു. പക്ഷേ രക്തം ചിന്തി യാഗമാകുന്ന മൃഗങ്ങൾ മനുഷ്യന് ഒരിക്കലും നിലനിൽക്കുന്ന ഒരു ഓർമ്മയോ അനുതാപമോ നൽകിയില്ല. കുറെ കഴിയുമ്പോൾ അവൻ പഴയതുപോലെ തന്നെ ആകും. പഴയ പാപങ്ങളിലേക്ക് തന്നെ ചെന്നു വീഴും.

അതുകൊണ്ട് പാപത്തെ നീക്കുവാൻ ഒരിക്കലും മാനുഷികമായ അല്ലെങ്കിൽ ഈ ലോകത്തിൽ നിന്നുള്ള ഒരു യാഗത്തിനും കഴിയില്ല. പാപം ചെയ്തതിൽ എത്ര വേദന തോന്നി മാനസാന്തരം ഉണ്ടായാലും ആ വേദന കുറച്ചു നേരം കഴിയുമ്പോൾ മങ്ങി ഇല്ലാതാവുകയും പഴയ അതേ കഠിന മനസ്സ് തിരിച്ചു വരികയും ചെയ്യുന്നു.

എബ്രായലേഖനം 10 ന്റെ 5, 6 ൽ, അതുകൊണ്ട് ദൈവം ഒരു ശരീരത്തെ എന്നെന്നേക്കുമുള്ള യാഗത്തിനായി ഒരുക്കി വെച്ചിരുന്നു. അതു സ്വപുത്രന്റെ ശരീരമായിരുന്നു. അത് ഒരു മനുഷ്യന് അതായത് വീണ്ടെടുക്കപ്പെടുന്ന ഒരു മനുഷ്യന് നിത്യമായ, ഒരിക്കലും മങ്ങാത്ത ഓർമ്മകളെ ഉണർത്തുവാനും എന്നെന്നേക്കുമായുള്ള പാപ പരിഹാരം വരുത്തുവാനും വേണ്ടി ആയിരുന്നു. യേശുക്രിസ്തുവിന്റെ യാഗത്താൽ വീണ്ടെടുക്കപ്പെട്ട ഒരാൾ ഒരിക്കലും ആ യാഗം മറന്നു പോകുന്നില്ല. എല്ലാദിവസവും അവന്റെ മനസ്സിൽ അതൊരു ചൂടുള്ള ഓർമ്മയാണ്. ഉള്ളം കത്തുന്ന വേദനയാണ്.

അഞ്ചാം വാക്യം പറയുന്നു, ലോകത്തിലേക്ക് വരുമ്പോൾ ഹനനയാഗമോ വഴിപാടോ ദൈവം ആഗ്രഹിച്ചില്ല. ദൈവം ഭൂമിയിലേക്ക് വന്നപ്പോൾ ഒരു ശരീരം ഒരുക്കിയിട്ടാണ് വന്നത്. മാനുഷികമായ യാഗങ്ങളിൽ പ്രസാദിക്കാൻ വേണ്ടിയല്ല, സ്വർഗ്ഗീയമായ ഒന്ന് നമുക്കായി ഒരുക്കിയിട്ടാണ് ദൈവം ഈ ഭൂമിയിലൂടെ നടന്നത്. അതുകൊണ്ട് എത്ര മനോഹരമായ യാഗം നടത്തിയാലും കുർബാന ചൊല്ലിയാലും പാപയാഗം അർപ്പിച്ചാലും ദൈവം അതിൽ പ്രസാദിക്കുന്നില്ല.

യേശുകർത്താവ് അർപ്പണത്തിനായി ഈ ഭൂമിയിലേക്ക് വരുമ്പോൾ ഇങ്ങനെ പറയുന്നതായി ലേഖന കർത്താവ് സാക്ഷിക്കുന്നു. 'ഇതാ ഞാൻ വരുന്നു. പുസ്തകച്ചുരുളുകളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. ദൈവമേ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ വരുന്നു'. എന്തുകൊണ്ടാണ് കർത്താവിനു ഈ ഭൂമിയിലേക്ക് വരേണ്ടി വന്നത്? അങ്ങനെ സ്വന്തശരീരത്തെ അർപ്പിക്കുന്ന ഒരു യാഗം എന്തുകൊണ്ടാണ് കർത്താവിന് അനുഷ്ഠിക്കേണ്ടി വന്നത്? നമ്മെ രക്ഷിക്കുവാൻ ദൈവകോപത്തെ അടക്കുവാൻ, നീതി നിവർത്തിക്കുവാൻ ആ ഒരുക്കപ്പെട്ട ശരീരം ആവശ്യമായിരുന്നു.

എബ്രായ ലേഖനം പത്താം അധ്യായത്തിൽ നാം കാണുന്ന ഏറ്റവും പ്രധാനപ്പെട്ട ആശയം ദൈവം എന്നെന്നേക്കുമായി മതങ്ങളെയും മധ്യവർത്തികളെയും അവസാനിപ്പിച്ചു എന്നുള്ള നല്ല വാർത്തയാണ്. ഏകയാഗത്താൽ കർത്താവ് മാനുഷികമായ ഇത്തരം അന്വേഷണങ്ങളെയും അവസാനിപ്പിച്ചു. ഇനി ദൈവത്തിന്റെ അടുത്തേക്ക് ചെല്ലുവാൻ പ്രത്യേകമായി പുരോഹിതന്മാരുടെ മധ്യസ്ഥതയിൽ അർപ്പിക്കപ്പെടുന്ന യാഗങ്ങളുടെ ആവശ്യമില്ല, നിത്യപുരോഹിതനായ, ദൈവമായ യേശുക്രിസ്തു തന്റെ ശരീരം ഒരുക്കിയിട്ട് ആ പരിപൂർണ്ണമായ യാഗം നിവർത്തിച്ചു. •



ഡോ. സി. റ്റി. ലൂയിസ്കുട്ടി

# സൗമ്യതയും താഴ്മയും ഉള്ള യേശു

**ഞാ**ൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകുന്നു എന്ന് യേശു പറഞ്ഞിരിക്കുന്ന വാക്യം ചില മലയാള പരിഭാഷകളിൽ ഇങ്ങനെയാകുന്നു; 'ശാന്തശീലനും വിനീതഹൃദയനും', 'സൗമ്യനും, വിനീതഹൃദയം ഉള്ളവനും', 'സൗമ്യതയും താഴ്മയും ഉള്ളവനും' ആകുന്നു എന്നൊക്കെയാണ്. ഇവിടുത്തെ പ്രധാനപ്പെട്ടതായ രണ്ട് വാക്കുകൾ: സൗമ്യത, താഴ്മ എന്നിവയാണ്. ഈ വാക്കുകളെ ഇംഗ്ലീഷ് ബൈബിളുകളിൽ Meek and lowly in heart, Gentle and humble in heart എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു.

യേശുകർത്താവ് ആരാണ്, എങ്ങനെയുള്ളവനാണ് എന്നീ ചോദ്യങ്ങൾക്ക് അനേകം ഉത്തരങ്ങൾ വേദപുസ്തകത്തിൽ നിന്ന് കാണാവുന്നതാണ്. തന്നെ സ്വയമായി യേശു പരിചയപ്പെടുത്തിയിട്ടുള്ളത് 'ജീവന്റെ അപ്പം' 'ലോകത്തിന്റെ വെളിച്ചം' 'നല്ല ഇടയൻ' 'ആടുകളുടെ വാതിൽ' 'ജീവനും പുനരുത്ഥാനവും' 'ദൈവത്തിങ്കലേക്കുള്ള വഴി' എന്നൊക്കെയാണ്. ഇവയെല്ലാം യേശുവിന്റെ കഴിവിനെയും ദൗത്യത്തെയും കാണിക്കുന്ന പദങ്ങളാണ്. അവിടുന്ന് വിശുദ്ധനാണ്, എങ്കിലും അത് വളരെ സ്പഷ്ടമായി താൻ അവകാശപ്പെട്ടതായി സുവിശേഷങ്ങളിൽ കാണുന്നില്ല. തന്റെ സ്വഭാവം എങ്ങനെയുള്ളതാണ് എന്ന് തന്നെത്തന്നെ വെളിപ്പെടുത്തിയ വാക്യമാണ് മത്തായി 11: 29. ഞാൻ സൗമ്യതയും താഴ്മയും ഉള്ള ഹൃദയം ഉള്ളവൻ (Gentle and lowly in heart ) എന്നാകുന്നു യേശുക്രിസ്തു അവകാശപ്പെട്ടിരിക്കുന്നത്.

Gentle and Meek എന്നതിന് ഇവിടെ കൊടുത്തിരിക്കുന്ന ഗ്രീക്ക് പദം പുതിയ നിയമത്തിൽ മൂന്നിടങ്ങളിൽ മാത്രം കാണുന്നതെന്ന് ഈ വിഷയത്തെപ്പറ്റി ഒരു പുസ്തകം എഴുതിയിരിക്കുന്ന ഡെയ്ൻ ഓർട്ട്ലൻഡ് (Dane Ortland) ചൂണ്ടിക്കാട്ടുന്നു. മത്തായി 5:5 ൽ 'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും' എന്ന് കർത്താവ് പറഞ്ഞു. കഴുതപ്പുറത്ത് കയറി യെരുശലേമിലേക്ക് വരുന്ന മശിഹയെ വർണ്ണിക്കുന്നതിന് പ്രവാചകൻ ഉപയോഗിച്ചിരിക്കുന്ന പദം ഇതാണ്: 'സീയോൻപുത്രിയോട്: ഇതാ, നിന്റെ രാജാവ് സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതിനു നിവൃത്തിവരുവാൻ ഇതു സംഭവിച്ചു (മത്തായി 21 :4, 5) (സെഖര്യാവ് 9:9). ഭാര്യമാരോട് പത്രോസ് ഉപദേശിക്കുന്നത് അവരുടെ അലങ്കാരമായിരിക്കേണ്ടത് 'സൗമ്യതയും സാവധാനതയും' ഉള്ള അകത്തെ

മനുഷ്യൻ ആയിരിക്കണം എന്നാണ്.

യേശുവിന്റെ സ്വയവിശേഷണം താൻ സൗമ്യൻ എന്നാണ്. അധികാരം ഉള്ളവൻ എങ്കിലും അധികാരം അടിച്ചേൽപ്പിക്കാത്തവൻ. കർത്താവും ഗുരുവും എങ്കിലും ശിഷ്യന്മാരുടെ കാൽ കഴുകുവാൻ പാത്രത്തിൽ വെള്ളം എടുത്ത് അരയ്ക്ക് തുവർത്ത് ചുറ്റി അവരുടെ മുമ്പിൽ മുട്ടുകുത്തുന്നവൻ. യഹൂദന്മാരുടെ രാജാവെങ്കിലും ഒരു സൈന്യത്തെ നയിച്ചുകൊണ്ട് ജയഭേരിമുഴക്കി പടക്കുതിരമേൽ കയറി രംഗപ്രവേശം ചെയ്യുന്നതിന് പകരം ഒരു കഴുതക്കുട്ടിമേൽ കയറി സമൂഹത്തിൽ യാതൊരു വിലയും ലഭിച്ചിട്ടില്ലാത്ത കുട്ടികളുടെ ഹോശന്ന വിളികളോടുകൂടെ പ്രത്യക്ഷപ്പെടുന്നവൻ, ലക്ഷക്കണക്കിന് ദൂതന്മാരുടെ സഹായത്തോടുകൂടെ ശത്രുവിനെ തോൽപ്പിക്കാമായിരുന്നിട്ടും അതിനൊരുങ്ങാതെ അവരുടെ പിടിക്ക് ഒതുങ്ങി കൊടുത്തവൻ, ആകാശത്തു നിന്ന് തീ ഇറക്കി ചുറ്റുമുള്ളവരെ നശിപ്പിക്കാമായിരുന്നിട്ടും അതിനുപകരം, തന്റെ ശിക്ഷാവിധി കേട്ട് ആഹ്ലാദിക്കാൻ കാത്തിരുന്നു തീ കായുന്നവരുടെ മധ്യത്തിൽ അവഹേളിക്കപ്പെട്ടവൻ, മരണത്തിന്മേൽ അധികാരം ഉള്ളവൻ എങ്കിലും ക്രൂശിലെ അതിനീചവും ക്രൂരവുമായ മരണത്തിന് വിധേയപ്പെട്ടവൻ. ആ യേശു 'സൗമ്യൻ' ആണ്. ഡെയ്ൻ ഓർട്ട്ലൻഡിന്റെ വാക്കുകളിൽ അവിടുന്ന് വിരൽ ചൂണ്ടുന്നവനല്ല, കൈക്കൊള്ളുന്നവനാണ്. അതായത് എല്ലാവരും കുറ്റാരോപണം നടത്തിക്കൊണ്ട് തനിക്കെതിരേ വിരൽ ചൂണ്ടുമ്പോൾ, വിടർത്തിയ കരങ്ങളോടുകൂടെ മറ്റുള്ളവരെ തന്റെ മാറിടത്തിലേക്ക് ചേർത്തുപിടിക്കുന്നവനാണ് യേശുകർത്താവ്.

രണ്ടാമത്, 'ഹൃദയത്തിൽ താഴ്മയുള്ളവൻ' എന്ന വാക്ക് ഉപയോഗിച്ചാണ് യേശു, തന്നെ പരിചയപ്പെടുത്തുന്നത്. ഒരു സ്വഭാവവിശേഷണം എന്നതിനേക്കാൾ ഒരു അവസ്ഥാവിശേഷം ആയിട്ടാണ് ഈ പദം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. താണവർ (ലൂക്കോസ് 1:52), താഴ്മയുള്ളവർ അഥവാ നിഗളി അല്ലാത്തവർ (യാക്കോബ് 4: 6) എളിയവർ അതായത് വലിപ്പം കാട്ടാത്തവർ (റോമർ 12: 16) എന്നൊക്കെ തർജ്ജമ ചെയ്യപ്പെട്ട വാക്കാണ് യേശു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. സൗമ്യത എന്നതിൽ നിന്ന്, വേർപിരിക്കുവാൻ പ്രയാസമുള്ള ഒരു പദം എന്നും പറയാം. സമൂഹത്തിൽ സ്ഥാനം ഇല്ലാത്തവൻ, അധികാരമോ അംഗീകാരമോ ഇല്ലാത്തവൻ, കാൽ കഴുകുവാൻ മടിക്കാത്തവൻ ഇവയൊക്കെയാണ് യേശുവിന്റെ വിശേഷണം. എല്ലാം ഉണ്ടെങ്കിലും അതൊന്നും ഉപയോഗിക്കേണ്ട എന്ന തീരുമാനത്തോടു കൂടെ ഭൂമിയിലേക്ക് സാധാരണയിൽ സാധാരണക്കാരനായി മനുഷ്യജന്മമെടുത്തവൻ എന്ന പ്രത്യേകത എടുത്തുകാണിക്കുവാനാണ് കർത്താവ്, മത്തായി 11: 28,29 ൽ ശ്രമിക്കുന്നത്.

ഈ രണ്ട് പ്രത്യേകതകൾ എടുത്തുകാട്ടിക്കൊണ്ട് അധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും യേശു, തന്റെ അടുക്കലേക്ക് മാടി വിളിക്കുന്നു. അതുകൊണ്ട് ജീവസന്ധാരണത്തിനു വേണ്ടി അധ്വാനിക്കുന്ന ചുങ്കക്കാരും പാപഭാരത്താൽ വലയുന്ന വേശ്യമാരും അവിടുത്തെ അടുക്കലേക്ക് വരാൻ മടിക്കുന്നില്ല. അങ്ങനെയുള്ളവർക്ക് ആവശ്യമായിരിക്കുന്നത് വലിയ സ്ഥാനങ്ങളിലുള്ളവരെ അല്ല, ഉന്നതഭാവം ഉള്ളവരെ അല്ല, സ്വയം വിശുദ്ധന്മാരും നീതിമാന്മാരും എന്ന് നടിക്കുന്നവരെ അല്ല, സൗമ്യതയും താഴ്മയും ഉള്ള ആളുകളെ ആണ്.

നമ്മുടെ ആത്മീയ പ്രസ്ഥാനങ്ങളുടെ ആരംഭത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അന്ന് ഈ സത്യമാർഗ്ഗത്തിലേക്കു കടന്നു വന്നവരിൽ ബഹുഭൂരിപക്ഷവും സമൂഹത്തിന്റെ താഴെക്കിടയിൽ ഉള്ളവർ ആയിരുന്നു. അവരെ ആകർഷിച്ചത് വലിയ കെട്ടിടങ്ങളും, പ്രഗത്ഭരായ പ്രസംഗകരും, പകിട്ടും പൊങ്ങച്ചവും ഉള്ള ശ്രേഷ്ഠദാസന്മാരും, ധാടിമോടികൾ കാണിക്കുവാൻ കഴിവുള്ള നേതാക്കന്മാരും ആയിരുന്നില്ല.

സൗമ്യതയും താഴ്മയും ഉള്ള ഹൃദയങ്ങൾ കണ്ടവർ, അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയ സാധാരണ ജനം സത്യമാർഗ്ഗത്തിലേക്കു കടന്നുവന്നു. എല്ലാ കാലങ്ങളിലും മതങ്ങളുടെ ചട്ടങ്ങൾ പാലിക്കുവാൻ വേണ്ടി അധ്വാനിക്കുന്നവരും, പാപഭാരങ്ങൾ ചുമക്കുന്നവരും ആയി അവഗണിക്കപ്പെട്ടും പാർശ്വവൽക്കരിക്കപ്പെട്ടും കഴിയുന്ന സാധാരണക്കാർക്ക് അവരുടെ വേദനയിൽ നിന്നും വിടുതൽ പ്രാപിച്ച് ആശ്വാസം കണ്ടെത്തുവാൻ ആവശ്യമായിരിക്കുന്നത് യേശുകർത്താവിന്റെ ഹൃദയമുള്ള ആളുകളെയാണ്, സൗമ്യതയും താഴ്മയും ഉള്ളവരായി, വിനീതഹൃദയരായി, മറ്റുള്ളവരെ ചേർത്തുപിടിക്കാൻമനസ്സുള്ളവരെ. ഈ സത്യംഉൾക്കൊണ്ടുകൊണ്ട് ആകട്ടെ നമ്മുടെ ഓരോരുത്തരുടെയും ജീവിതവും ശുശ്രൂഷയും. ●



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# വിജയത്തിലേക്ക് നയിക്കുന്ന മനോഭാവം

**നാം** ഓരോരുത്തരും ജീവിതത്തിൽ എന്തിനാണ് പ്രഥമസ്ഥാനം നൽകുന്നത് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ജീവിതത്തിന്റെ ഗുണനിലവാരം നിർണയിക്കപ്പെടുന്നത്. അതായത്, ദൈവത്തിനും ദൈവികവിഷയങ്ങൾക്കും പ്രഥമസ്ഥാനം നൽകി, മറ്റുള്ളവയ്ക്ക് അതിൽ താഴെ മാത്രം പരിഗണന നൽകി ജീവിതത്തെ ചിട്ടപ്പെടുത്തുന്ന ജീവിതരീതി. ആദ്യം തേടേണ്ടത് ദൈവരാജ്യവും ദൈവനീതിയുമാണ് എന്നായിരുന്നു യേശു ശിഷ്യന്മാരെ പഠിപ്പിച്ചതും. ജീവിതം അനുഗ്രഹത്തിന്റെയോ ദുരിതത്തിന്റെയോ അനുഭവങ്ങളിലൂടെ നയിക്കപ്പെടുന്നതിൽ പ്രധാന പങ്ക് ഒരുവന്റെ മനോഭാവമാണ്. ഉദാഹരണമായി പൂക്കൾ നിറഞ്ഞു നിൽക്കുന്ന റോസാച്ചെടിയെ നോക്കുമ്പോൾ ചിലർ മുള്ളുകളുണ്ടെന്ന് പരാതിപ്പെടുന്നു. എന്നാൽ മറ്റുചിലരാകട്ടെ മുള്ളുകൾ റോസാപ്പൂക്കളോടൊപ്പം ഉള്ളതിൽ സന്തോഷിക്കുന്നു. ഇതെല്ലാം ഓരോരുത്തരുടെയും മനോഭാവത്തെ അഥവാ കാഴ്ചപ്പാടിനെ ആശ്രയിച്ചിരിക്കുന്നു.

യേശുവോടൊത്തുള്ള നിത്യതയിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ലഭിക്കുന്ന ഒരേയൊരു ജീവിതത്തിലാണ് ഇപ്പോൾ നാം ആയിരിക്കുന്നത്. ഈ കൊച്ചുജീവിതം സന്തോഷപൂർണ്ണമാകണമെങ്കിൽ ആദ്യം ദൈവികദാനങ്ങളിലെ ഏറ്റക്കുറച്ചിൽ ഗൗരവമായി എടുക്കാതെ, ഉള്ള അവസ്ഥയിൽ നന്ദിയുള്ളവരായി ദൈവത്തെ മഹത്വപ്പെടുത്തുന്നവരായിരിക്കണം. നന്ദിയുള്ള മനോഭാവം ധാരാളം സന്തോഷം ഹൃദയത്തിലുളവാക്കുന്നു. എന്നാൽ നന്ദിയില്ലാത്ത മനോഭാവമുള്ളവൻ എപ്പോഴും ദു:ഖിതനാണ്, എപ്പോഴും പരാതിപ്പെടുന്നു. അത്യുന്നതനായ ദൈവത്തിന്റെ അഭയത്തിന് പുറത്താണ് അവന്റെ ജീവിതം.

നമ്മുടെ ഏറ്റവും വലിയ ശത്രു പിശാചു മാത്രമല്ല, മറിച്ച് സ്വന്തം നാവുമാണ്. യാക്കോബ് പറയുന്നു: നാവ് അഗ്നി പോലെയാണ്. നമ്മുടെ ശരീരത്തിൽ വച്ച് ദുഷ്ടതയുടെ ഒരു ലോകമാണ് അത്. എങ്ങനെയെന്നാൽ നാവ് ശരീരം വഴി അതിന്റെ ദുഷ്ടത ജീവിതത്തിൽ പരത്തുന്നു. ജീവിതത്തെ ആകെ സ്വാധീനിക്കുന്ന അഗ്നിക്ക് അതു തുടക്കം ഇടും. നാവിന് നരകത്തിൽ നിന്നാണ് ഈ അഗ്നി ലഭ്യമാകുന്നത്. (യാക്കോബ് 3:6). അദ്ദേഹം തുടർന്നു പറയുന്നു, ഈ തീ നരകത്താൽ ജ്വലിപ്പിക്കപ്പെടുന്നു. അതായത് സ്വന്തം വാക്കുകളാൽ നമുക്ക് സ്വർഗ്ഗത്തിന്റെ സന്തോഷത്തിലേക്കോ നരകത്തിന്റെ വേദനകളിലേക്കോ പ്രവേശിക്കാം! അതിനു മറ്റാരും ഉത്തരവാദികളുമല്ല. ജീവിതത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിൽ നാവിന്റെ പങ്ക് വളരെ പ്രസക്തമാണ്.

കരച്ചിലും പല്ലുകടിയും ദുരിതങ്ങളുമുള്ള നരകത്തിലേക്കാണ് പിറുപിറുക്കുന്നവന്റെയും പരാതിക്കാരന്റെയും ജീവിതം പര്യവസാനിക്കുന്നത്. 1 കൊരിന്ത്യർ 10:10 ൽ പൗലോസ് ഈ ചിന്തയെ വ്യക്തമാക്കുന്നു. മോശെയെ പിന്തുടർന്ന നമ്മുടെ പിതാക്കന്മാർക്കു എന്തു സംഭവിച്ചുവെന്നു നാം അറിയണം. അവരെല്ലാം മേഘത്തിലും കടലിലും സ്നാനപ്പെട്ട് മോശെയോടു ചേർന്നു. അവരെല്ലാം ഒരേ ആത്മീയാഹാരം ഭക്ഷിച്ചു. അവർ ഒരേ ആത്മീയജലവും കുടിച്ചു. അവരോടൊപ്പമുണ്ടായിരു

ന്ന ആത്മീയ പാറയിൽ നിന്നാണ് അവർ കുടിച്ചത്. ആ പാറ ക്രിസ്തുവായിരുന്നു. പക്ഷേ ദൈവം അവരിലധികം പേരോടും സംപ്രീതനായില്ല. അവർ മരുഭൂമിയിൽ പട്ടുപോയി. സംഭവിച്ച ഇക്കാര്യങ്ങളെല്ലാം നമുക്കു മുന്നറിയിപ്പും താക്കീതുമാണ്. തിന്മ ഭവിക്കാതിരിക്കുവാൻ ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. ഇവർ ചെയ്തതുപോലെ പിറുപിറുക്കാതിരിക്കുക.

വസ്തുത എന്തെന്നാൽ, നാം ഓരോ തവണയും പിറുപിറുക്കലിനും പരാതിപ്പെടലിനും വഴിയൊരുക്കുമ്പോൾ, ജീവിതത്തിന്റെ ഗുണനിലവാരം ഗണ്യമായി കുറയുന്നു, ഇത് ദോഷഫലങ്ങൾക്കു നിദാനവുമായിരിക്കും. പിശാചാണു ഇത്തരം ചിന്താക്കുഴപ്പം ഉണ്ടാക്കുന്നത്. അലറിപ്പാഞ്ഞു നടക്കുന്ന ഒരു സിംഹത്തെപ്പോലെയാണവൻ. അവന്റെ വാക്കുകൾ ശ്രദ്ധിക്കാതിരിക്കുക. അതിനാൽ നാമാരും ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടരുത്. ഞാനെന്തു തിന്നും, ഞാനെന്തു കുടിക്കും, ഞാനെന്തു ധരിക്കും എന്നൊന്നും പറയുകയോ ആകുലപ്പെടുകയോ ചെയ്യരുത്. ദൈവത്തെ അറിയാത്തവരാണ് ഇവയ്ക്കായി ദു:ഖിക്കുക. അതിനാൽ പിറുപിറുപ്പും പരാതിയും ആരുടെയും ഹൃദയത്തിൽ നിന്നും ഉയരരുത്. സ്വർഗ്ഗസ്ഥനായ പിതാവാം ദൈവത്തിന്, നിങ്ങൾക്കെന്തൊക്കെ വേണമെന്നു നന്നായറിയാം. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തരെപ്പോലെയാകരുത്. അർത്ഥമില്ലാത്ത കാര്യങ്ങൾ വിളിച്ചു പറയുകയാണവർ. അങ്ങനെ പ്രാർത്ഥിക്കരുത്. തങ്ങൾ അനേകം കാര്യങ്ങൾ പറയുന്നതിനാൽ ദൈവം തങ്ങളെ ശ്രവിക്കുമെന്നാണവർ കരുതുന്നത്. അവരെപ്പോലെയാകരുത്. നിങ്ങൾക്കു വേണ്ടതെന്തെന്ന് നിങ്ങളാവശ്യപ്പെടുന്നതിനു മുമ്പു തന്നെ നിങ്ങളുടെ പിതാവിനറിയാം (മത്തായി 6:7,8).

ദൈവം നിങ്ങൾക്കുവേണ്ടി കരുതുന്നതുകൊണ്ട് നിങ്ങളുടെ എല്ലാ ആകുലങ്ങളും ദൈവത്തെ ഏല്പിക്കുക. ശ്രദ്ധാലുക്കളാകുക. പരിശുദ്ധാത്മ നിയന്ത്രണത്തിനായി സമർപ്പിക്കുക. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുക. നിങ്ങൾക്കുള്ള അതേ കഷ്ടങ്ങളാണ് ലോകമെമ്പാടുമുള്ള നിങ്ങളുടെ സഹോദരീസഹോദരർ അനുഭവിക്കുന്നതെന്ന് മനസിലാക്കുക. അതെ, അല്പകാലത്തേക്ക് നിങ്ങൾ കഷ്ടം സഹിക്കും. എന്നാലതിനുശേഷം ദൈവം എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കും. അവിടുന്ന് നിങ്ങളെ ബലപ്പെടുത്തും. ദൈവം നിങ്ങളെ താങ്ങുകയും വീഴ്ചയിൽ നിന്നു രക്ഷിക്കുകയും ചെയ്യും. എല്ലാ കൃപയും പകരുന്ന ദൈവമാണവൻ.

സാത്താന്റെ തന്ത്രം നാം ചെറുതായി കാണരുത്! തങ്ങളുടെ പ്രയാസകരമായ സാഹചര്യങ്ങളിൽ പിറുപിറുക്കുകയും പരാതിപ്പെടുകയും ചെയ്ത ഇസ്രായേല്യരെ 'സംഹാരകൻ നശിപ്പിച്ചു' എന്ന് പൗലോസ് പറഞ്ഞു. ഈ സംഹാരകൻ ആരായിരുന്നു? ലോകവും ജഡവും പിശാചും നാം ജയിക്കേണ്ടുന്ന ശത്രുക്കളാണ്. ആകയാൽ ആത്മിക ജീവിതത്തിൽ നാം വളരെ ജാഗ്രതയുള്ളവരായിരിക്കണം.

നമ്മിൽ നല്ലൊരു പങ്കും നന്ദികേടിനെക്കുറിച്ച് അനുതപിക്കേണ്ടതുണ്ട്, കാരണം നന്ദികേടാണ് പിറുപിറുപ്പിനെ സജീവമായി നിലനിർത്തുന്നത്! കഴിഞ്ഞ കാലത്തെ തെറ്റുകൾ ഏറ്റുപറഞ്ഞുപേക്ഷിക്കുകയും വർത്തമാനകാലത്ത് നമുക്കുള്ളതിൽ നന്ദിയുള്ളവരാകുകയും വേണം. നന്ദിയുള്ളവരാകുന്ന നിമിഷം യഥാർത്ഥത്തിൽ ആത്മീയമായി ഗുണനിലവാരം ഉള്ളവരായി ദൈവസന്നിധിയിലേക്ക് ഉയരാൻ തുടങ്ങുന്നു. സങ്കീർത്തനക്കാരൻ എഴുതി, 'സന്തോഷത്തോടെ കർത്താവിനെ സേവിക്കുവിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ... സ്തോത്രത്തോടെ അവന്റെ വാതിലുകളിലും സ്തുതിയോടെ അവന്റെ പ്രാകാരങ്ങളിലും പ്രവേശിക്കുവിൻ. അവനു നന്ദി പറയുവിൻ, അവന്റെ നാമത്തെ വാഴ്ത്തുവിൻ. കർത്താവ് നല്ലവനല്ലോ; അവന്റെ ദയ ശാശ്വതവും അവന്റെ വിശ്വസ്തത തലമുറതലമുറയോളം ഉള്ളതുമാണ്'.

സാഹചര്യങ്ങൾ എന്തുതന്നെയായാലും അതിനെ വലുതായി കാണാതെ, ദൈവത്തിന് നന്ദി പറയാൻ തുടങ്ങുന്ന നിമിഷം, മനോഭാവവും ജീവിതനിലവാരവും അഭിവൃദ്ധിപ്പെടും. അനുകൂല പ്രതികൂല സാഹചര്യങ്ങളിൽ കർത്താവിനെ സ്തുതിക്കാൻ തുടങ്ങുമ്പോഴാണ് ദൈവസാന്നിധ്യം അനുഭവവേദ്യമാകുന്നത്.

പ്രശ്നകേന്ദ്രീകൃതമായ മനോഭാവം വച്ചു പുലർത്താതെ ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നമ്മെ വിജയത്തിലേക്ക് ആനയിക്കും. സഭകൾക്കുള്ള ദൂതിൽ ജയിക്കുന്നവന് ക്രിസ്തു ഇന്നയിന്ന പ്രതിഫലം നൽകും എന്ന് പറയുമ്പോൾ, പരാജിതർ ലജ്ജിതരാകും എന്നല്ലേ അർഥം? ആകയാൽ ജയാളികളാകുവാൻ, ക്രിസ്തുകേന്ദ്രീകൃതമായി ജീവിക്കുവാൻ നമ്മെ സമർപ്പിക്കാം. •

# 'ഗീതം ഗീതം, ജയ ജയ ഗീതം' എന്ന ഗാനത്തിന്റെ പശ്ചാത്തലം

**എം.** ഇ ചെറിയാൻ സാറിനെ സ്വപിതാവായ കുഞ്ഞച്ചൻ ഉപദേശി പ്രാർത്ഥിച്ചാണ് മധുരയിലേക്ക് അയച്ചത്. ഏവരെയും ചുംബിച്ച് കുറിയന്നൂരിലെ ഭവനത്തിൽ നിന്നും പടിയിറങ്ങുന്ന നേരം തന്റെ പ്രിയ മാതാവ് ഏലിയാമ്മ, മകന് ഒരു പൊതിക്കെട്ട് സമ്മാനിച്ചു. സുവിശേഷവേലയ്ക്ക് ഇറങ്ങിയ തനിക്ക് ലഭിച്ച ആദ്യ ധനസഹായം എന്ന് തന്നെ പറയാം. ആ പൊതിയിൽ ഉണ്ടായിരുന്നത് ചില നാണയത്തുട്ടുകൾ മാത്രം. അത് ഒരു രൂപ തികയ്ക്കുവാൻ ആ മാതാവിന് ഏറെ ആഗ്രഹമുണ്ടായിരുന്നു. എങ്കിലും അതിനുള്ള സാമ്പത്തികശേഷി ആ കുടുംബത്തിന് ഇല്ലായിരുന്നു.

അമ്മ നൽകിയ നാണയത്തുട്ടുകളുമായി മധുരയിലെത്തിയ ആദ്യനാളുകളിൽ വലിയ സാമ്പത്തിക ബുദ്ധിമുട്ട് തനിക്ക് അനുഭവിക്കേണ്ടി വന്നു. പട്ടിണി മാത്രമല്ല, ഏറിയ വിഷമതകളും പോരാട്ടങ്ങളും പ്രയാസങ്ങളും നേരിട്ടു. വിവരങ്ങൾ വീട്ടിലറിയിക്കുവാൻ ഒരു പോസ്റ്റുകാർഡ് വാങ്ങുവാൻ പോലും നയാ പൈസ ഇല്ലാത്ത അനുഭവം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായി. സുവിശേഷപ്രവർത്തനത്തിന് കാര്യമായ ഫലം ഉണ്ടാകാത്തതും, പ്രവർത്തനത്തിലുള്ള മടുപ്പും അദ്ദേഹത്തെ ആത്മികമായി ക്ഷീണിപ്പിച്ചു. ഒരാൾ പോലും രക്ഷിക്കപ്പെട്ട് മുന്നോട്ടു വരാത്തതിൽ മനസ്സിന് വലിയ ഭാരം ഉണ്ടായി.


ഈ വിധം ഘനം തൂങ്ങുന്ന മനസ്സോടും വിഷാദ വദനത്തോടും കൂടെ ഇരിക്കുമ്പോൾ മിഷനറി ആയ എ എൽ ഗൂൾഡിനെ കാണുന്നതിന് ഇടയായി. മധുരയിലെ സുവിശേഷ പ്രവർത്തനത്തെ ഏറെ സ്നേഹിക്കുകയും ആവോളം പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന ഈ ദൈവദാസനോട് ചെറിയാൻസാർ ഹൃദയം തുറന്ന് സംസാരിച്ചു. ദൈവവേലയിലെ വിഷമതകളും പ്രശ്നങ്ങളും നിറകണ്ണുകളോടെ തന്നോട് പറയുന്ന എം ഇ ചെറിയാനെ, മിഷനറി ആശ്വസിപ്പിച്ചു. തുടർന്ന് അദ്ദേഹം ചോദിച്ചു: ചെറിയാൻ, നിങ്ങൾ ആരെയാണ് സേവിക്കുന്നത്? മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെയോ? അതോ, ജീവനില്ലാത്ത ഊമ വിഗ്രഹങ്ങളെയോ? കർത്താവ് ഇപ്പോഴും ജീവിച്ചിരിക്കുന്നുവോ? അതോ, യേശുവിന്റെ മരണത്തോടെ എല്ലാം അവസാനിച്ചുവോ?

ഈ ചോദ്യം ചെറിയാൻ സാറിന്റെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തെ ഏലിയാവിനെ എന്നപോലെ ദൈവം തട്ടി ഉണർത്തി. തന്റെ നിരാശകൾ പ്രത്യാശയ്ക്കു വഴിമാറി. യേശുരാജൻ മരണത്തെ ജയിച്ച് ഇന്നും ജീവിക്കുന്നു എന്ന ചിന്ത അദ്ദേഹത്തിന് നവോന്മേഷം പകർന്നു. അന്നുതന്നെ ചെറിയാൻ സാർ, 'ഗീതം ഗീതം, ജയ ജയ ഗീതം' എന്ന ഗാനത്തിന്റെ വരികൾ കുറിച്ചു. മിഷനറി ഗൂൾഡ് ചോദിച്ച വാക്കുകളും അതിന്റെ ഉത്തരവും അതേവിധം താൻ പകർത്തി. ആ വരികൾ ഇപ്രകാരമാണ്:

ഉലക മഹാന്മാരഖിലരുമൊരുപോൽ
ഉറങ്ങുന്നു കല്ലറയിൽ നമ്മൾ
ഉന്നതനേശു മഹേശ്വരൻ മാത്രം
ഉയരത്തിൽ വാണിടുന്നു

കലുഷത അകറ്റി കണ്ണുനീർ തുടപ്പിൻ
ഉത്സുകരായിരിപ്പിൻ നമ്മൾ
ആത്മനാഥൻ ജീവിക്കവേ ഇനി
അലസത ശരിയാമോ





അനു ഗ്രേസ് ചാക്കോ

# വളർത്തിയെടുക്കേണ്ട സ്നേഹബന്ധങ്ങൾ

ഉത്തമ സൗഹൃദങ്ങൾഎപ്പോഴും സന്തോഷം നല്കുന്നതാണ്. എന്നാലിന്ന് സൗഹൃദം വാട്സാപ്പിലും ഫേസ്ബുക്കിലും ചില സമൂഹമാധ്യമങ്ങളിലും മാത്രം ഒതുങ്ങുന്നു. 'ഓരോ ദിവസവും ഒരു സുഹൃത്തിനെ എങ്കിലും സ്വന്തമാക്കണമെന്ന' പഴമൊഴിയുടെ അർത്ഥം തന്നെ മാറിപ്പോകുന്നു. സമൂഹമാധ്യമങ്ങളിൽ അനുദിനം കൂടുന്ന friend request സൗഹൃദം വെറും യാന്ത്രിക സ്നേഹം മാത്രം എന്ന് തിരിച്ചറിയുവാൻ കഴിയാതെ വഞ്ചിതരാകുകയാണ് അനേകരും. പലർക്കും ആയിരക്കണക്കിന് ഫെയ്സ്ബുക്ക് സുഹൃത്തുക്കൾ, പക്ഷേ, സ്നേഹിക്കാനും സഹായിക്കാനും ആരുമില്ല. എന്നിട്ടും ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും എനിക്ക് ഒരുപാട് സുഹൃത്തുക്കൾ ഉണ്ട് എന്നു പറഞ്ഞു പ്രശംസിക്കുകയാണ് പലരും. ഒരിക്കൽ പോലും നേരിട്ട് കണ്ടിട്ടില്ലാത്ത സുഹൃത്തുക്കളുടെ ഒരു വലിയ വലയമാണ് അനേകരുടെ ചുറ്റിലും. പല രാജ്യങ്ങളിൽ ഉള്ളവർ സമൂഹമാധ്യമങ്ങളിൽക്കൂടി പരിചയപ്പെട്ടു സുഹൃത്തുക്കളായിട്ടുണ്ട്. എന്ത് പ്രയോജനം? പ്രതിസന്ധി ഘട്ടങ്ങളിൽ ഒപ്പം നിൽക്കുവാനോ, ചേർത്തു പിടിക്കുവാനോ, ആശ്വാസവാക്കുകൾ പറയുവാനോ, സാന്നിധ്യം കൊണ്ട് ആശ്വസിപ്പിക്കുവാനോ, കുറഞ്ഞ പക്ഷം മനസ്സിലാകുവാനോ പോലും കഴിയാത്ത സ്നേഹിതർ. ചാറ്റിങ്ങിൽ മാത്രം ഒതുങ്ങുന്ന സ്നേഹബന്ധം.

ബന്ധങ്ങൾക്ക് മൂല്യം കൽപ്പിക്കുന്ന ഒരു തലമുറ ഇവിടെ ഉണ്ടായിരുന്നു. ബന്ധങ്ങൾ സ്ഥാപിക്കുവാനും അത് നിലനിർത്തുവാനും അവർ ശ്രദ്ധാലുക്കളായിരുന്നു. മറ്റുള്ളവരുമായി സൗഹൃദം സ്ഥാപിക്കുന്നത് എങ്ങനെ എന്നുള്ളതിന്റെ ബാലപാഠങ്ങൾ അന്നുള്ളവർ പഠിച്ചിരുന്നത് അവനവന്റെ ഭവനത്തിൽ നിന്നായിരുന്നു എന്നുള്ളതും വിസ്മരിച്ചു കൂടാ. അയൽവക്കങ്ങൾ തമ്മിലും ബന്ധുക്കൾ തമ്മിലുമുള്ള സൗഹൃദത്തിൽ നിന്നും, സ്നേഹത്തിന്റെ സൗരഭ്യമായിരുന്നു പരന്നിരുന്നത്. നവജാത ശിശുക്കൾ ആദ്യമായി കൂട്ടുകൂടുന്നത് അപ്പനോടും അമ്മയോടും പിന്നീട് ഭവനത്തിലുള്ളവരോടും ആണല്ലോ. ആ ബന്ധത്തിന്റെ സൗന്ദര്യവും വാസനയും കണ്ടുവളർന്ന കുഞ്ഞുങ്ങൾ കുടുംബബന്ധങ്ങളുടെ മൂല്യം മനസ്സിലാക്കിയിരുന്നു. ഭവനത്തിൽ ആരംഭിച്ച് അയൽവക്കങ്ങളിലേക്ക് വ്യാപിച്ച്, ചെന്നെത്തുന്ന എല്ലാ മേഖലകളിലേക്കും പടർന്നു കയറുന്ന അനുഭവത്തിലേക്ക് സൗഹൃദങ്ങൾ വളരേണ്ടതുണ്ട്.

കുടുംബാംഗങ്ങളുമായി ആരോഗ്യകരമായ ബന്ധം ഇല്ലാതെ വളരുന്ന കുഞ്ഞുങ്ങൾ സ്നേഹത്തിന്റെ മൂല്യം അറിയാതെ ഒറ്റയാന്മാരെപ്പോലെ വളർന്ന് സ്വാർത്ഥമനസിന്റെ ഉടമകളാകുന്നു. അവധിക്കാലത്ത് ബന്ധുവീടുകളിലോ അമ്മവീട്ടിലോ പോവുകയോ, ചെന്നില്ലെങ്കിൽ ഉത്തരവാദിത്വപ്പെട്ടവർ അവരെ കൊണ്ടുപോയി തങ്ങളുടെ വീടുകളിൽ നിർത്തുകയോ ഒക്കെ ചെയ്യുന്നത് ആഴമായ ബന്ധത്തിന്റെ പഴയകാല ഓർമ്മകൾ മാത്രം. ഇന്നത്തെ പല മക്കളും മാതാപിതാക്കളുടെ സ്നേഹിതരെയോ തൊട്ടടുത്ത് താമസിക്കുന്നവരെയോ എന്തിന് അടുത്ത ബന്ധുക്കളെപ്പാലും തിരിച്ചറിയുവാൻ പറ്റാത്തവരായി ജീവിക്കുന്നു. പെരുകുന്ന പാപത്തിന്റെ അതിപ്രസരം നിമിത്തം മനുഷ്യർ മൃഗതുല്യരായി മാറുന്നതിനാൽ സ്വന്തമക്കളെ മറ്റൊരിടത്തും അയക്കുവാൻ മാതാപിതാക്കൾ തയാറാവുന്നുമില്ല. അയൽക്കാരിലും ബന്ധുക്കളിലും ബന്ധങ്ങളിലും വിശ്വാസം നഷ്ടപ്പെടുന്നത് ശുഭസൂചനയല്ല. മാറ്റങ്ങൾക്കു തുടക്കം കുറിക്കേണ്ടത് നാം തന്നെയാകണം.

സ്നേഹിതതരും ബന്ധുക്കളും ധാരാളം ഉണ്ടെങ്കിലും എല്ലാവരും നല്ലവർ ആയിരിക്കണമെന്നില്ല. അവിശ്വസ്തരായ സുഹൃത്തുക്കളുള്ളവർ പെട്ടെന്നു നശിച്ചുപോകും, എന്നാൽ സഹോദരങ്ങളെക്കാൾ ചേർന്നുനിൽക്കുന്ന സുഹൃത്തുക്കളുമുണ്ട്. സൗഹൃദങ്ങളെ ചൂഷണം ചെയ്യുന്നവർ നിമിത്തം പലർക്കും സുഹൃദ്ബന്ധങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ട്. ആത്മാർഥതയില്ലാത്ത ഒരുപാട് സുഹൃത്തുക്കൾ ഉള്ളതിനെക്കാൾ നല്ലവരായ ഏതാനും ചില സുഹൃത്തുക്കൾ ഉള്ളതാണ് അഭികാമ്യം! അതുകൊണ്ടു സ്വഭാവഗുണങ്ങൾ ഉള്ളവരായിരിക്കണം നമ്മുടെ ഉത്തമസ്നേഹിതർ.

യേശു ഒരു ധൂർത്തുപുത്രനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അപ്പന്റെ കയ്യിൽ നിന്ന് സ്വത്തിന്റെ വീതം വാങ്ങി ദൂരദേശത്തേക്ക് പോയ ഒരു മകനെക്കുറിച്ച്... കയ്യിൽ ഇഷ്ടം പോലെ പണം ഉണ്ടായിരുന്നതുകൊണ്ട് കൂട്ടുകാരെ കിട്ടുവാൻ പ്രയാസമുണ്ടായില്ല. കൈയിലെ പണം തീരുന്നതുവരെ കൂട്ടുകാർ അടുത്തു തന്നെ ഉണ്ടായിരുന്നു. കൈവശമുള്ള പണം കുറഞ്ഞു തുടങ്ങിയപ്പോൾ കൂട്ടുകാരൊക്കെ അപ്രത്യക്ഷരായിരുന്നു. പിന്നെ എന്തു സംഭവിച്ചു എന്ന് ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. കഴിവും പണവും സ്വാധീനവും ഉള്ളവരുടെ ചുറ്റും എപ്പോഴും ഒരു സുഹൃത്വലയം ഉണ്ടാകും. കഷ്ടകാലത്ത് അതായത് എല്ലാം നഷ്ടപ്പെടുമ്പോൾ അവരിൽ പലരും കാണാമറയത്ത് ആയിരിക്കും. വെറും ചൂഷകർ മാത്രം ആയ സ്നേഹിതർ! എന്തുകൊണ്ട് ഇക്കാലത്തു ആത്മാർത്ഥയുള്ള നല്ല സുഹൃത്തുക്കളെ ലഭിക്കാതെ പോകുന്നു? ആത്മാർത്ഥതയും സ്നേഹവും ഇല്ലാത്തവർക്ക് സൗഹൃദം സ്ഥാപിക്കുവാൻ കഴിഞ്ഞാലും നിലനിർത്തുവാൻ സാധ്യമല്ല. ഒരു വ്യക്തിയുടെ ഗുണദോഷങ്ങൾ മനസ്സിലാക്കി, ഉടലെടുക്കുന്ന ലാഭനഷ്ടങ്ങൾ നോക്കാത്ത ബന്ധങ്ങൾ മാത്രമേ നിലനിൽക്കുകയുള്ളൂ.

മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് ആഗ്രഹിക്കുന്നുവോ, അതുപോലെ നിങ്ങളും അവരോട് പെരുമാറണം. ഞാൻ നിങ്ങളെ ദാസന്മാരെന്നല്ല, സ്നേഹിതന്മാരെന്ന് വിളിക്കുമെന്ന് യേശുകർത്താവ് പറയുമ്പോൾ ഒരു സ്നേഹിതൻ എങ്ങനെയാകണമെന്ന വലിയ സന്ദേശം നമുക്ക് ലഭിക്കുന്നു. ഒരുവനെ സ്നേഹിതാ എന്ന് വിളിക്കണമെങ്കിൽ സ്നേഹം പങ്കുവയ്ക്കാനുള്ള മനസ്സ് ഉണ്ടായിരിക്കണം. പരസ്പര സ്നേഹത്തിൽ നിന്നുമാണ് സൗഹൃദം തുടങ്ങുന്നത്. അപരനിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാതെ എനിക്ക് അവന് എന്തു ചെയ്യുവാൻ കഴിയുമെന്നതാണ് ശരിയായ ചിന്ത. നിർവ്യാജസ്നേഹത്തോടു കൂടി, തെറ്റിനെ ചൂണ്ടിക്കാട്ടി മറ്റുള്ളവരെ വളർത്തുന്നവരാണ് യഥാർത്ഥ സ്നേഹിതർ. പറഞ്ഞ വാക്കുകൾക്കും സമയത്തിനും അവർ പരസ്പരം വില കല്പിക്കുന്നു. ‘അവൻ വളരുകയും ഞാൻ കുറയുകയും’ വേണമെന്ന് പറയുന്നതുപോലെ കൂട്ടുകാരന്റെ ഉയർച്ചയിൽ അസൂയപ്പെടാതെ സന്തോഷിക്കുന്നു. വ്യക്തിത്വത്തെ അംഗീകരിക്കുകയും അവരിലുള്ള നന്മയെ സ്വീകരിക്കുകയും ചെയ്യുന്നു. സന്തോഷത്തിലും ദുഖത്തിലും എപ്പോഴും ഉത്തമ സ്നേഹിതരായി കാണപ്പെടുന്നു.

ജീവിതത്തിൽ എത്രയൊക്കെ മാറ്റങ്ങളുണ്ടായാലും മാറാൻ പാടുള്ളതല്ല ഒരു സൗഹൃദവും. സ്നേഹിതർ മരിച്ചാലും, എന്നും ഓർമ്മകളിൽ ഉണ്ടായിരിക്കണം. ഭാര്യ ഭർത്താവിനോടും, ഭർത്താവ് ഭാര്യയോടും, മക്കൾ മാതാപിതാക്കളോടും മാതാപിതാക്കൾ മക്കളോടും അദ്ധ്യാപകർ വിദ്യാർത്ഥികളോടും, വിദ്യാർത്ഥികൾ അദ്ധ്യാപകരോടും എല്ലാവർക്കും തമ്മിത്തമ്മിൽ ആഴമുള്ള സുഹൃത്ബന്ധങ്ങൾ ഉണ്ടാകട്ടെ. ●



സുജ വിനു



# ദൃശ്യമായ ഒരപകടം ദൈവത്തിന്റെ ഭാഷയാകുമ്പോൾ

**ആ**ദ്യമായിട്ടല്ല അവൻ അപകടത്തിൽപ്പെടുന്നത്. പക്ഷേ ആദ്യമായിട്ടാണ് അവന്റെ പേരിൽ ഇത്രയധികം പ്രാർത്ഥനകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുന്നത്. ആദ്യമായിട്ടല്ല അവൻ പ്രശ്നത്തിലാവുമ്പോൾ, അവന്റെ അമ്മ തനിച്ചായിരിക്കുന്നത്. പക്ഷേ ഇത്രയധികം ദൈവമക്കളുടെ കൈത്താങ്ങലിന്റെ ആശ്വാസം ആദ്യമായിട്ടാണ്. ആദ്യമായിട്ടല്ല അവന്റെ ആപത്ഘട്ടത്തിൽ നല്ല ചികിത്സ, സാമ്പത്തിക സുരക്ഷിതത്വം, ഇവയൊക്കെ കരുതി വയ്ക്കപ്പെട്ടിരുന്നത്. പക്ഷേ ആദ്യമായിട്ടാണ് ദൈവവചനത്തിന്റെ ഒരു വലിയ കരുതൽ (പ്രൊവിഷൻ) അനുഭവപ്പെടുന്നത്.

2025 ജൂലൈ 9 ബുധനാഴ്ച എന്റെ മകൻ കെവിന് ഉണ്ടായ അപകടം ഞാൻ വിശ്വാസ സ്നാനം ഏറ്റതിനുശേഷം, അതായത് ഏഴ് വർഷത്തിനുള്ളിൽ അവനുണ്ടാകുന്ന ആദ്യത്തെ അപകടം... അതിനെ വിശകലനം ചെയ്യുമ്പോൾ No accident is an accident എന്നു സാക്ഷ്യപ്പെടുത്തത്തക്കവണ്ണം വ്യതിരിക്തമായ അടയാളങ്ങളോടുകൂടിയ ഒന്നായിരുന്നു എന്ന് വ്യക്തമാകുന്നു.

അവന്റെ അപകടത്തിന് മുമ്പുള്ള ബുധനാഴ്ച, സഭയുടെ വചനപഠന കൂട്ടായ്മയിൽ ധ്യാനിക്കുവാൻ ഉണ്ടായിരുന്നത് 2 കൊരിന്ത്യർ ഒന്നാം അധ്യായം ആയിരുന്നു. അപ്പോസ്തലനായ പൗലോസിന്റെ ഒരു സാക്ഷ്യം: 'ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും സംശയിക്കുംവിധം സഹനശക്തിക്ക് അപ്പുറമായ കഷ്ടതകൾ ഞങ്ങൾ നേരിട്ടു. അങ്ങനെ ഞങ്ങൾ ആശയറ്റവരായിത്തീർന്നു. എന്നിട്ടും ഞങ്ങൾ സ്വയം രക്ഷപ്പെടാനുള്ള മാർഗ്ഗം ഉപേക്ഷിച്ച്, മരിച്ചവരെ ജീവിപ്പിക്കാൻ ശക്തനായ ദൈവത്തിൽ പ്രതീക്ഷവെച്ചു. ഇത്രവലിയ മരണഭയത്തിൽനിന്ന് ഞങ്ങളെ വിടുവിച്ച ദൈവം പിന്നെയും വിടുവിക്കും. ഞങ്ങൾ പ്രത്യാശ വെച്ചിരിക്കുന്ന ദൈവം ഇനിയും ഞങ്ങളെ രക്ഷിക്കും. പ്രാർഥനയിലൂടെ നിങ്ങൾ ഞങ്ങൾക്കു സഹായികളായല്ലോ... (2 കൊരിന്ത്യർ 1:8 11). അതിലെ പത്താം വാക്യം വ്യക്തിപരമായി ഇടപെട്ട ഒരു അനുഭവത്തെക്കുറിച്ചാണ് ഞാൻ അന്ന് പങ്കുവെച്ചത്. കോവിഡ് രോഗം ബാധിച്ച എന്റെ ഇളയ സഹോദരനെ 45 ദിവസത്തെ ആശുപത്രി വാസത്തിന് ശേഷം വെന്റിലേറ്ററിൽ നിന്ന് മാറ്റി മരണത്തിന് വിട്ടുകൊടുക്കാനുള്ള തീരുമാനം ഡോക്ടർമാർ എടുത്ത ദിവസം രാവിലെയാണ്, ആ വചനം ദൈവം എനിക്ക് തന്നത്. ഇത്ര ഭയങ്കര മരണത്തിൽ നിന്ന് ദൈവം ഞങ്ങളെ വിടുവിച്ചു, മേലാലും വിടുവിക്കുകയും ചെയ്യും എന്ന വാക്യം. അത്ഭുതകരമായ ദൈവിക വിടുതലിന്റെ സാക്ഷ്യമായി സഹോദരൻ ഇന്നും പൂർണ്ണ ആരോഗ്യവാനായി ജീവിക്കുന്നു. 2 കൊരിന്ത്യർ ഒന്നാം അധ്യായം വായിക്കുമ്പോൾ എല്ലാം ഈ അനുഭവം ഓർമ്മയിൽ എത്താറുണ്ട്.

കെവിന്റെ അപകടത്തിന് തൊട്ടു തലേന്ന്, യോഹന്നാന്റെ സുവിശേഷം നാലാം

അധ്യായത്തിൽ യേശു യായീറൊസിനോട്, പൊയ്ക്കൊള്ളൂ, '***നിന്റെ മകൻ ജീവിക്കും***' എന്ന് ഉത്തരം പറഞ്ഞു. ആ മനുഷ്യൻ യേശുവിന്റെ വാക്കു വിശ്വസിച്ച് അവിടെനിന്ന് പോയി. അയാൾ പൊയ്ക്കൊണ്ടിരിക്കുമ്പോൾ, '***മകൻ ജീവിച്ചിരിക്കുന്നു***' എന്ന വാർത്തയുമായി ദാസന്മാർ അയാളെ എതിരേറ്റു. മകനു സൗഖ്യം ലഭിച്ചത് എപ്പോഴെന്നു ചോദിച്ചതിന്, ഇന്നലെ ഉച്ചകഴിഞ്ഞ് ഒരു മണിക്ക് പനി അവനെ വിട്ടുമാറി എന്ന് അവർ പറഞ്ഞു. '***നിന്റെ മകൻ ജീവിക്കും***', എന്ന് യേശു പറഞ്ഞ സമയം അതുതന്നെ ആയിരുന്നെന്ന് ആ പിതാവ് ഓർമ്മിച്ചു. അങ്ങനെ അയാളും ഭവനത്തിലുള്ളവരെല്ലാവരും വിശ്വസിച്ചു (യോഹന്നാൻ 4: 50–53) 'നിന്റെ മകൻ ജീവിച്ചിരിക്കുന്നു' എന്ന വചനം എന്നോട് എന്തോ സംസാരിക്കുന്നതായി തോന്നി. മൂന്ന് തവണ വാക്യം ആവർത്തിക്കപ്പെടുന്നു ആ അധ്യായത്തിൽ. സഭയിലെ ഒരു കൂട്ടുസഹോദരൻ ഫോൺ വിളിച്ചപ്പോൾ ഈ കാര്യം ഞാൻ പങ്കുവെച്ചിരുന്നു. അപകടം നടക്കുന്ന അന്ന് രാവിലെ വീണ്ടും ഈ വചനം തന്നെയാണ് ഞാൻ വായിച്ചതും ധ്യാനിച്ചതും പ്രാർത്ഥിച്ചതും. അപകടമുണ്ടായ സ്ഥലത്ത് വീണുകിടക്കുന്ന കെവിന്റെ ചിത്രം കാണാനിടയായപ്പോൾ ഈ വചനം എന്റെ ഹൃദയത്തിൽ തെളിഞ്ഞുവന്നു. പിന്നീട് അഞ്ചാം അധ്യായത്തിലും 'മരിച്ചവരെ പിതാവ് ഉയിർത്തെഴുന്നേൽപ്പിച്ച് അവർക്കു ജീവൻ നൽകുന്നതുപോലെതന്നെ പുത്രനും തനിക്കു പ്രസാദമുള്ളവർക്കു ജീവൻ നൽകുന്നു (യോഹന്നാൻ 5:21), മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയുംചെയ്യുന്ന സമയം വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു' (യോഹന്നാൻ 5:25) തുടങ്ങി മരണവും അതിന്മേലുള്ള ക്രിസ്തുവിന്റെ ജയവും പ്രഖ്യാപിക്കുന്ന വരികൾ എന്നിലേക്ക് വന്നു.

കെവിനോട് ദൈവത്തെക്കുറിച്ച് പറയുമ്പോൾ എല്ലാം "God is a mystery'. കാണാത്ത, കേൾക്കാത്ത, അറിയാത്ത ഒന്നിൽ എങ്ങനെ വിശ്വസിക്കും... എനിക്ക് അതിൽ താല്പര്യം ഇല്ല എന്ന് അവൻ പറയാറുണ്ടായിരുന്നു. എന്നാൽ അപകടം നടന്നത് എങ്ങനെയെന്ന് അവനിപ്പോഴും ഒരു Mystery ആണ്. റോഡ് നിയമങ്ങളിലും ബൈക്ക് ഓടിക്കുന്നതിന്റെ ശാസ്ത്രീയതയിലും താൻ വിദഗ്ധനെന്ന അവന്റെ ബോധ്യത്തെ തകർത്തു കൊണ്ട്, അപകടകാരണം ഇപ്പോഴും നിഗൂഢം ആയിരിക്കുന്നു. ദുർഗ്രാഹ്യം എന്ന കാരണത്താൽ ദൈവത്തിൽ വിശ്വസിക്കാത്ത ഒരുവനോട് അവന് കയ്യടക്കം ഉണ്ടെന്ന് വിചാരിച്ചിരുന്ന മേഖലയിൽ ദുരൂഹമായ, വിശദീകരിക്കാനോ മനസ്സിലാക്കാനോ പറ്റാത്ത ഒരു സംഭവത്തെ അയച്ചുകൊടുത്തു കൊണ്ട് ദൈവം ഇടപെടുന്നു. ദൈവത്തിന്റെ ഭാഷ ഇവ്വിധവുമാകാം. ബോധപൂർവ്വമായി അവസരങ്ങൾ സൃഷ്ടിച്ചെടുക്കാതെ തന്നെ, ദൈവം ഉണ്ടാക്കിത്തരുന്ന സംഭാഷണ സാധ്യതകളിലൂടെ ഈ കാര്യങ്ങളൊക്കെ അവന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ, മുമ്പുണ്ടായിരുന്നത്ര കടുത്ത നിരാകരണം കാണുന്നില്ല. നാം അനുഭവിക്കേണ്ടി വരുന്ന രോഗങ്ങൾ, അപകടങ്ങൾ, ഒറ്റപ്പെടലുകൾ, ഞെരുക്കങ്ങൾ, കടഭാരം എന്നിങ്ങനെയുള്ള വിവിധ പ്രതിസന്ധികൾ ദൈവം നമ്മോടു ഇടപെടുന്നതും സംസാരിക്കുന്നതുമായ ഭാഷയുമാകാം.

കഴിഞ്ഞ കുറച്ച് നാളുകളായി കെവിന്റെ ഏറ്റവും അടുത്ത സുഹൃത്ത് ഒരു നിരീശ്വരവാദി എന്നും, അവൻ വളരെയേറെ സമയം ഈ സുഹൃത്തിനൊപ്പം ചെലവഴിക്കാറുണ്ടെന്നും വെളിപ്പെടാനും ഈ അപകടം കാരണമായി. കെവിൻ തന്നെയാണ് ഈ സൗഹൃദത്തെപ്പറ്റി പറഞ്ഞത്. അവന്റെ വ്യക്തിത്വത്തെ അതേപടി അംഗീകരിക്കുന്ന, നിയമങ്ങളും നിബന്ധനകളും കൊണ്ടുവരാത്ത ഒരു ബന്ധം. സ്വതന്ത്രമായ ഒന്ന് എന്നാണ് അവൻ അതിനെക്കുറിച്ച് പറഞ്ഞത്. ആ സൗഹൃദത്തിനും ഈ അപകടത്തിന്റെ പൊരുൾ വെളിപ്പെടുത്താനോ അവനെ സഹായിക്കാനോ കഴിയുന്നില്ല എന്ന് അവൻ സമ്മതിക്കുന്നു.

2018-ൽ കെവിന്റെ ഒരു പ്രതിസന്ധിയിൽ ദൈവം എനിക്ക് തന്ന വചനം യഹസ്ക്കേൽ 37:23 25 വരെ ആയിരുന്നു. ദൈവം അവനെ അവന്റേതായ വിഗ്രഹങ്ങളിൽ നിന്നും പാപകരമായ സാഹചര്യങ്ങളിൽ നിന്നും അകറ്റി വിശുദ്ധീകരിച്ച് ഒരു ദൈവപൈതലാക്കി തീർക്കുമെന്ന് വിശ്വാസം, എന്നിൽ കൂടുതൽ ആഴപ്പെടാൻ ഈ അപകടം കാരണമായി. കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായിരിക്കുന്ന, എന്റെ നാഥനെ കൂടുതൽ രുചിച്ചറിയാൻ കൃപ നൽകി. ***പ്രിയ സഹോദരിമാരെ,*** നമുക്കാണ് ഒരുപക്ഷെ സഹോദരന്മാരിലും ഉപരിയായി കുടുംബത്തെ ക്രിസ്തുവിൽ പണിതുയർത്താൻ നിയോഗം നൽകിയിരിക്കുന്നത്. •



**ചാൾസ് സ്പർജൻ**

# പൊയ്മുഖങ്ങൾ വലിച്ചെറിഞ്ഞില്ലെങ്കിൽ...

**ദൈ**വികനിയമത്തിന്റെ സ്വഭാവത്തെക്കുറിച്ച് മനുഷ്യർക്ക് കാര്യമായ അറിവില്ലാത്തതു കൊണ്ടാണ് അവർ തങ്ങളെത്തന്നെ നീതിമാന്മാരായി സങ്കൽപ്പിക്കുന്നത്. ദൈവികനിയമങ്ങൾ ലംഘിക്കുന്ന ഏകസൃഷ്ടി മനുഷ്യൻ മാത്രമാണ്. നമുക്ക് അറിയാവുന്നതും ഏറ്റുപറയാൻ കഴിയുന്നതുമായ പാപങ്ങൾക്ക് പുറമേ, തിരിച്ചറിയുവാൻ കഴിയാത്ത ചില പാപങ്ങൾ നിഗൂഢമായി നമ്മിലുണ്ട്. അവ രഹസ്യമാണ്. നമ്മുടെ കണ്ണുകൾക്ക് അഗോചരമാണ്. നിരീക്ഷിക്കാനും കണ്ടെത്താനും കഴിയുന്ന പാപങ്ങൾ മാത്രമേ നമുക്കറിയുകയുള്ളൂ. പാപം എക്കാലവും ഒരു രഹസ്യമല്ല. ദൈവത്തിന്റെ കണ്ണുകൾ അത് കണ്ടിട്ടുണ്ട്. ഏതു പാപവും ദൈവം മനസിലാക്കുന്നു. രഹസ്യത്തിലാണ് പാപം ചെയ്യുന്നതെങ്കിലും ദൈവത്തിനു സകലവും സുതാര്യമാണ്. ഒന്നും അവിടുത്തെ കണ്ണുകൾക്ക് മറഞ്ഞിരിക്കുന്നില്ല. ദൈവദൃഷ്ടിയിൽ സകലവും നഗ്നവും തുറന്നതുമാണ്.

ന്യായവിധിദിവസം എല്ലാ മനുഷ്യരുടെയും കണ്ണുകൾക്ക് മുന്നിൽ സകലരുടെയും സകല പാപങ്ങളും വെളിപ്പെട്ടു വരും. രഹസ്യമായി എന്തും ചെയ്യാൻ കഴിയുമെന്ന് കരുതുന്ന മനുഷ്യർ എത്ര വിഡ്ഢികളാണ്. എല്ലാ പാപങ്ങളിൽ നിന്നും നമ്മെ തടയാൻ പര്യാപ്തമായ ഒരു ചിന്തയാണിത്. ദൈവമേ, അങ്ങ് എന്നെ കാണുന്നു! അത് ബോധ്യമായാൽ കള്ളൻ മോഷണം അവസാനിപ്പിക്കും, ഏതു പാപിയും ദുശ്ചിന്ത അവരിൽ ഉളവാകുന്ന നിമിഷം തന്നെ അതിനെ വേരോടെ പിഴുതു കളയുവാൻ തയ്യാറാകും. മനുഷ്യരുടെ ദുഷ്പ്രവൃത്തികൾ എല്ലാം ദൈവത്തിന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു. അവിടുന്ന് എല്ലാ പ്രവൃത്തികളുടെയും കണക്കു സൂക്ഷിക്കുന്നു. ദൈവത്തെപ്പോലെ എല്ലാ രഹസ്യചിന്തകളും വായിക്കാൻ കഴിയുന്ന ആരും ഇല്ല.

പാപിയുടെ മോഹങ്ങൾ, ലംഘനങ്ങൾ, രഹസ്യകുറ്റകൃത്യങ്ങൾ എന്നിവ ദൈവസിംഹാസനത്തിൽ നിന്ന് പ്രഖ്യാപിക്കപ്പെടുകയും, ആയിരം ഇടിമുഴക്കങ്ങളെക്കാൾ ഉച്ചത്തിലുള്ള ശബ്ദത്തിൽ

**ഏതു പാപവും ദൈവം മനസിലാക്കുന്നു. രഹസ്യത്തിലാണ് പാപം ചെയ്യുന്നതെങ്കിലും ദൈവത്തിനു സകലവും സുതാര്യമാണ്. ഒന്നും അവിടുത്തെ കണ്ണുകൾക്ക് മറഞ്ഞിരിക്കുന്നില്ല. ദൈവദൃഷ്ടിയിൽ സകലവും നഗ്നവും തുറന്നതുമാണ്.**

കപടഭക്തിക്കാരാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾ... അതെത്ര ലജ്ജാകരമായിരിക്കും? രഹസ്യത്തിൽ ചെയ്ത എല്ലാ പ്രവൃത്തികളും പരസ്യമാകുമ്പോൾ ഭയവും ആശയക്കുഴപ്പവും എത്രയധികം ആയിരിക്കും? അതിനാൽ കാപട്യം ഉപേക്ഷിക്കുക, കാരണം നിങ്ങളുടെ രഹസ്യ പാപം രേഖപ്പെടുത്തിയിട്ടുണ്ട്, ഒരു ദിവസം സ്വർഗ്ഗത്തിന്റെ ചുവരുകളിൽ അത് പരസ്യപ്പെടും.

ആത്മികത അവകാശപ്പെടുകയും അനീതിയിൽ ജീവിക്കുകയും ചെയ്യുന്നവനാണ് ഏറ്റവും ഭോഷൻ. ഞാൻ ഒരു അശുദ്ധ മനുഷ്യനാണ് എന്നു ദൈവത്തോട് ഏറ്റുപറയുന്ന ഒരുവന് അവന്റെ ആത്മാവിൽ സമാധാനമുണ്ട്. എന്നാൽ ദൈവത്തിന്റെ ശുശ്രൂഷകനോടൊപ്പം നടക്കുന്ന, ദൈവജനത്തിന്റെ മുമ്പാകെ വന്ന് അവരുമായി ഐക്യപ്പെട്ടതിനു ശേഷം പാപത്തിൽ ജീവിക്കുന്ന മനുഷ്യന് എത്ര ദുരിതപൂർണ്ണമായ ഒരു അസ്തിത്വം ആയിരിക്കും ഉണ്ടായിരിക്കുക. അവർ കണ്ടെത്തപ്പെടുമ്പോൾ എത്ര ഭയാനകമായിരിക്കും! തന്ത്രം ഉപയോഗിച്ച് അവർ പാപം മറയ്ക്കാൻ ശ്രമിക്കുന്നു. നിരന്തരം ഭയത്തോടെ ജീവിക്കുന്നു, അവരുടെ പാപം കണ്ടെത്താതിരിക്കാൻ, നുണ സത്യമാണെന്ന് കാണിക്കാൻ, വഞ്ചനയ്ക്ക് മേൽ വഞ്ചന പ്രവർത്തിക്കുന്നു.

ദൈവത്തിന്റേതാണെന്ന് അവകാശപ്പെടുകയും പിശാചിനുവേണ്ടി ജീവിക്കുകയും ചെയ്യരുത്. പാപത്തിൽ ജീവിച്ച്, അതിനെ കപടഭക്തികൊണ്ട് മറയ്ക്കാൻ ശ്രമിക്കുന്നവരെ കണ്ടിട്ടുണ്ട്. അവരുടെ വാക്കുകൾ ശ്രദ്ധിച്ചാൽ ആകാശത്തോളം പുകഴ്ത്താൻ തോന്നുന്ന മനുഷ്യരാണവർ. എന്നാൽ അവരുടെ രഹസ്യപ്രവൃത്തികൾ കണ്ടാൽ നരകത്തിന്റെ അടിത്തട്ടിലേക്ക് എറിയപ്പെടേണ്ടവർ. പരസ്യമായി പാപം ചെയ്യുന്ന മനുഷ്യൻ പാപങ്ങളെക്കുറിച്ച് അനുതപിച്ച് ഏറ്റുപറഞ്ഞാൽ ദൈവത്തിനു ക്ഷമിക്കാൻ കഴിയും. പാപത്തിൽ ജീവിക്കുകയും എന്നാൽ പ്രാർത്ഥിക്കുകയും ചെയ്യുന്ന മനുഷ്യനെ ദൈവം വെറുക്കുന്നു. അവൻ തന്റെ വഴികളിൽ നിന്ന് മാനസാന്തരപ്പെട്ട് പിന്തിരിഞ്ഞാൽ, ദൈവം അവനെ സ്നേഹിക്കും.

കപടവിശ്വാസി പാപത്തിന്റെ മാലിന്യം ചുമന്ന്, നീതിയെ സ്നേഹിക്കുന്നതായി നടിക്കുന്നു. ഒരുവൻ സാത്താനെ സേവിക്കുന്നു എങ്കിൽ ദൈവത്തെ സേവിക്കുന്നതായി നടിക്കരുത്. ദൈവത്തെ സേവിക്കുകയാണെങ്കിൽ, പൂർണ്ണഹൃദയത്തോടെ സേവിക്കുക.'രണ്ട് യജമാനന്മാരെ സേവിക്കാൻ ഒരു മനുഷ്യനും കഴിയില്ല'. അത് ചെയ്യാൻ ശ്രമിക്കരുത്. തങ്ങളുടെ ശുശ്രൂഷകന്റെ സാന്നിധ്യത്തിൽ ഒരു ദുഷ്ടവാക്ക് പറയാൻ ആഗ്രഹിക്കാത്ത ചിലരുണ്ട്, അതായത് ദൈവം കാണുന്നു എന്ന് തിരിച്ചറിയാതെ, മനുഷ്യർ തങ്ങളെ അറിയുന്നത് കൂടുതൽ ഗൗരവമായി അവർ കാണുന്നു. അത് ദൈവത്തെ അപമാനിക്കുകയാണ്. അവിടുത്തെ സർവ്വജ്ഞാനത്തെ ചോദ്യം ചെയ്യുകയാണ്.

ഒരിക്കൽ രഹസ്യപാപത്തിൽ അകപ്പെട്ടുപോയാൽ മടങ്ങി വരുവാൻ ബുദ്ധിമുട്ടാണ്. ഏറ്റവും മോശം സ്വഭാവക്കാരായി മാറാതിരിക്കാൻ രഹസ്യപാപങ്ങളെ നിസ്സാരവൽക്കരിക്കരുത്. അവ ഒന്നിനുമേൽ ഒന്നായി വർദ്ധിക്കുന്നു. മടങ്ങിവരാത്ത അനുഭവം ആത്മികതയിൽ നിന്ന് അന്യപ്പെട്ട്, ആത്മാവിനെ എന്നെന്നേക്കുമായി നശിപ്പിച്ചേക്കാം. രഹസ്യപാപങ്ങളിൽ വലിയ അപകടമുണ്ട്. എന്നാൽ രഹസ്യ പാപങ്ങളിൽ മുഴുകുന്ന ചില സത്യക്രിസ്ത്യാനികൾ പറയുന്നത് അത് ഒരു ബലഹീനത എന്നു മാത്രമാണ്. പ്രിയ സഹോദരങ്ങളെ, എല്ലാ രഹസ്യ പാപങ്ങളെയും ദൈവത്തിലാശ്രയിച്ചു കൃപയാൽ ജയമെടുക്കാം. മുന്തിരിവള്ളികളെ നശിപ്പിക്കുന്നത് ചെറു കുറുക്കന്മാരാണെന്ന് നമുക്ക് ഓർമ്മിക്കാം. ചെരുപ്പിനുള്ളിലെ മണൽത്തരികൾ പോലെ, രഹസ്യപാപം സ്വർഗത്തിലേക്കുള്ള മോക്ഷയാത്രക്കാരനെ, ആത്മീയനടപ്പിൽ വളരെ ക്ഷീണിതനാക്കും.

ചെറുതെന്നു തോന്നുന്ന പാപങ്ങൾ ഗുരുതരമായ പാപങ്ങളിലേക്കുള്ള നയിച്ചേക്കാം. രഹസ്യപാപങ്ങൾ ക്രിസ്തുവുമായുള്ള കൂട്ടായ്മയെ നശിപ്പിക്കുമെന്ന് ഓർമ്മിക്കുക. പാപങ്ങൾ, പട്ടുവസ്ത്രത്തിലെ ചെറിയ കറകൾ പോലെ, കൂട്ടായ്മയെ നശിപ്പിച്ചേക്കാം. ചത്ത ഈച്ച തൈലത്തിന്റെ മുഴുവൻ ഗുണത്തെയും നശിപ്പിക്കുന്നു. ഹൃദയത്തിൽ തിന്മകൾ ഉണ്ടെങ്കിൽ, അവയെ ഉന്മൂലനം ചെയ്യുക എന്നത് അനിവാര്യമാണ്. ക്രിസ്ത്യാനികൾ രഹസ്യപാപങ്ങളോട് സമരസപ്പെടരുത്. അത് സ്വർഗ്ഗീയ രാജാവിനെതിരെയുള്ള വലിയ രാജ്യദ്രോഹമാണ്.

ശേഷം പേജ് 24 ▶



ജോൺസൺ കടമ്പനാട്

# ദൈവസഭ ഒരു ആത്മിക മന്ദിരം

**തി**രുവചന പ്രകാരമുള്ള സഭ ഒരു ആത്മിക മന്ദിരമാണ്. അതിന് അടിസ്ഥാനക്കല്ലുകളും മൂലക്കല്ലുകളും ഉണ്ട്. അതിന്റെ പണി ദൈവം തന്നെ നിർവഹിച്ചിരിക്കുകയാൽ ആ പണി വളരെ മനോഹരമാണ്. ഇന്ന് കാണുന്ന മനോഹരമായ സൗധങ്ങളെ ചിലർ 'ദേവാലയങ്ങൾ' എന്ന് വിശേഷിപ്പിക്കാറുണ്ട്. അത് ദേവന്മാർക്കുള്ള ആലയമാണ്. 'ദൈവാലയവും' 'ദേവാലയവും' തമ്മിൽ ഒരു ബന്ധവുമില്ല. വീണ്ടെടുക്കപ്പെട്ട് വേർപാട് പാലിക്കുന്ന വിശുദ്ധന്മാർ ഒരുമിച്ചു കൂടുന്ന ഇടമാണ് ഒരളവിൽ ദൈവാലയമാകേണ്ടത്. കുറേക്കൂടി വ്യക്തമാക്കിയാൽ അപ്പോസ്തലന്മാരുടെ കാലത്ത് സഭയായി കൂടിവരാനുള്ള ഇടം മാത്രമായാണ് അവർ മനുഷ്യന്റെ കൈപ്പണിയായ കെട്ടിടങ്ങളെ കണ്ടത്. കൂടിവരുവാൻ സൗകര്യപ്രദമായ ഇടം എന്നതിൽ കവിഞ്ഞ് ഒരു പ്രാധാന്യവും കെട്ടിടങ്ങൾക്ക് ഇല്ലായിരുന്നു. കൂടിവന്നിരുന്ന സ്ഥലത്തേക്കാൾ ഏറെ പ്രസക്തി, സഭായോഗത്തിൽ കൂടിവരുന്നവർക്കായിരുന്നു. അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും പോന്നു. അവർ സഭയെ ക്രിസ്തുവിന്റെ ജീവനുള്ളത് എന്ന് എണ്ണിയിരുന്നു. ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് അവർക്കു അറിയാമായിരുന്നു, അത് സഭയെ അവർ പഠിപ്പിച്ചിരുന്നു (1 തീമോഥെയൊസ് 3:15)

സഭ ഒരു വിശുദ്ധമന്ദിരം എന്ന് പറഞ്ഞുവല്ലോ. അതിനുവേണ്ടതായ ആത്മിക സംരക്ഷണവും ദൈവമാണ് ക്രമീകരിച്ചിരിക്കുന്നത്. സഭ ജീവനുള്ളതും ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടതുമാണ്. ക്രിസ്തു, സഭയിലൂടെ അതായത് നമ്മിലൂടെ ജീവിച്ച്, ജീവനുള്ള സഭയായി ക്രിസ്തു എന്ന തലയോളം വളരേണ്ടതും ആണ് (എഫെസ്യർ 4:15,16). നാം ഓരോരുത്തരും പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്ന സഭയാം മന്ദിരമാണ് (1 കൊരിന്ത്യർ 6: 19). ഇത് ക്രിസ്തുവിനെ നേടാനും തന്നോട് ഏകീഭവിക്കുവാനും ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ദൈവികനീതി വിശ്വാസത്താൽ പ്രാപിക്കുവാനുമാണ്.(ഫിലിപ്പിയർ 3: 9). ശിരസ്സായ ക്രിസ്തുവിൽ നിന്നാണല്ലോ ശരീരം മുഴുവനും സന്ധിബന്ധങ്ങളാലും നാഡീഞരമ്പുകളാലും ഏകീഭവിച്ചും പോഷണം ലഭിച്ചും ദൈവത്തിൽ നിന്നുള്ള വളർച്ച പ്രാപിക്കുന്നത് (കൊലൊസ്സ്യർ 2:19). ദൈവപ്രവൃത്തി ലോകത്തിനു വെളിപ്പെടുത്തി കൊടുക്കേണ്ട സഭ ഒരു മർമ്മമാണ് അഥവാ രഹസ്യമാണ്. പഴയനിയമ കാഴ്ചപ്പാടിൽ ദൈവം മനുഷ്യർക്ക് തന്റെ മഹത്വം പൂർണ്ണമായി വെളിപ്പെടുത്താതെ മറച്ചുവച്ചിരുന്നു. സർവ്വശക്തനും അത്ഭുതവാനുമായ ദൈവം തന്റെ ജനമായ ഇസ്രായേലിനോട് ആ നിലയിൽ ആയിരുന്നു ഇടപെട്ടിരുന്നത്. ദൈവം അവരുടെ ദൈവം എന്ന് പറയുവാൻ ലജ്ജിച്ചിരുന്നില്ല. എന്നാൽ കാലസമ്പൂർണ്ണതയിൽ 'സ്ത്രീയുടെ സന്തതിയായി' യേശു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേലായി മനുഷ്യജന്മമെടുത്ത് നമുക്ക് വെളിപ്പെട്ടു.

യേശു പറഞ്ഞു: 'ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല'. അഖിലാണ്ഡത്തിന്റെ ഉടയവനും

സർവ്വശക്തനും ആയ ദൈവം മനുഷ്യവേഷത്തിൽ വസിച്ചുകൊണ്ട് പാപികളായ നമ്മെ ഓരോരുത്തരെയും പാപത്തിന്റെ സ്വാധീനത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും വിടുവിക്കുവാൻ ലോകത്ത് വെളിപ്പെട്ടു. യേശുക്രിസ്തു നിമിത്തം, തന്നിൽ വിശ്വസിക്കുന്ന ഏവർക്കും വീണ്ടുംജനിച്ച് ദൈവമക്കളാകുവാൻ ഭാഗ്യം ലഭിച്ചു. പിതാവാം ദൈവത്തിന്റെ ഏകപുത്രൻ മൂലം നമുക്ക് പുത്രത്വവും തേജസ്സും നിത്യജീവനും ലഭിച്ചു. നിത്യപിതാവിന്റെ പുത്രന്മാരായി തീരുവാനുള്ള ഏകവഴി യേശുവിൽ വിശ്വസിക്കുക എന്നത് മാത്രമാണ്. യേശു പറഞ്ഞു: 'ഞാൻ തന്നെയാണ് വഴി, എന്നിൽ കൂടെ മാത്രമേ പിതാവിന്റെ അടുക്കലേക്ക് ആർക്കും പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ'. സഭ മുഖാന്തരം ആണ് ഈ രഹസ്യം ദൈവം വെളിപ്പെടുത്തിയത്.

എന്നാൽ ലോകം സഭയെ തെറ്റിദ്ധരിച്ചു. അവർ സ്വന്തബുദ്ധിയിൽ തങ്ങളുടെ ഭാവനയ്ക്ക് അനുസരിച്ച് സഭയെ വ്യാഖ്യാനിച്ചു. ഏതെങ്കിലും സ്ഥലത്ത് ഒരു കെട്ടിടം പണിത് അവിടെ ക്രിസ്തീയമായ എന്തെങ്കിലും അടയാളങ്ങൾ വച്ചാൽ അതാണ് സഭ എന്ന് പഠിപ്പിച്ച് ജനത്തെ വഞ്ചിക്കുന്നു. സഭയെന്ന പേരിൽ അറിയപ്പെടുന്ന ദൃശ്യമായ ഏതു കെട്ടിടവും കേവലം മനുഷ്യരുടെ കൈവേല മാത്രമല്ലേ? 'ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗത്തിനും ഭൂമിക്കും നാഥനാകകൊണ്ടു കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല' ( പ്രവർത്തികൾ 17: 24) ഈ വചനപ്രകാരം ദൈവം കൈപ്പണിയായ കെട്ടിടങ്ങളിൽ വസിക്കുന്നില്ല എന്ന് നാം ഗ്രഹിക്കേണ്ടതല്ലേ?

സഭ രക്ഷിക്കപ്പെട്ടവരുടെ അതായത് ആത്മീയരുടെ കൂട്ടായ്മയായി സ്നേഹത്തിൽ പണിയപ്പെടേണ്ടതാണ്. ദൈവത്തിന്റെ നിലവാരത്തിനൊത്ത് അത് പണിയേണ്ടതാണ്. ദേശത്ത് സഭ ഒരു വിളക്ക് പോലെ പ്രകാശിക്കണം. യഥാർത്ഥത്തിലുള്ള ദൈവസഭ അതുതന്നെ എന്ന് സകലരും തിരിച്ചറിയണം. അവിടെ വിശുദ്ധന്മാർ തമ്മിൽത്തമ്മിലുള്ള ആത്മീയ സംസർഗം ഉണ്ടായിരിക്കും. പരിശുദ്ധാത്മാവിന്റെ അത്ഭുതപ്രവർത്തികൾ സത്യസഭയിലൂടെ വെളിപ്പെടും. ഇങ്ങനെയുള്ള കൂടിവരവുകൾ എത്ര മനോഹരം. ലോകത്തിന് മനസ്സിലാകാത്ത ദൈവസഭ, ദൈവസ്നേഹത്താലും ആത്മവരങ്ങളാലും ആത്മഫലങ്ങളാലും ആണ് അലങ്കരിക്കപ്പെട്ടിരിക്കുന്നത്. ദൈവദൃഷ്ടിയിൽ ഇത്ര മനോഹരമായ ഒരു ആത്മീകസൗധം വേറെ ഇല്ല.

ദൈവം തന്റെ തനിമയിൽ ലോകത്തിന് മറഞ്ഞിരിക്കുന്നു എങ്കിലും സത്യസഭയിലൂടെ അവിടുന്ന് വെളിപ്പെടുന്നു. വീണ്ടുംജനനം പ്രാപിച്ച ഓരോ വിശുദ്ധന്മാരിലൂടെയും താൻ വെളിപ്പെടുന്നു. അങ്ങനെ ദൈവം ജീവനുള്ള ദൈവം എന്ന് നാം അറിയുന്നു. അതായതു ഇന്ന് ദൈവം ഭൂമിയിൽ തന്റെ മഹത്വം വെളിപ്പെടുത്തുന്നത് സഭയിലൂടെയാണ്. നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിലൂടെയാണ് പിതാവായ ദൈവം ഇതൊക്കെ ചെയ്യുന്നത്. തേജസ്സിന്റെ ശുശ്രൂഷ എന്നാണ് പൗലോസ് ഇതിനെ വിശേഷിപ്പിക്കുന്നത്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ സഭ യഥാർത്ഥത്തിൽ തേജസ്സിന്റെ പുത്രന്മാരാണ്. സഭ മുഖാന്തരം നമുക്ക് ലഭിച്ച എല്ലാ ആത്മീയ അനുഗ്രഹങ്ങളെയും ആത്മാവിൽ നാം ഗ്രഹിക്കേണ്ടതാണ്.

ദൈവസഭ ഒഴുക്കുള്ള ഒരു നിർമ്മല നദി പോലെ ഒഴുകേണ്ടതാണ്. ആത്മീയദാഹം ഉള്ളവർക്ക് ഇത് വളരെ പ്രയോജനം ചെയ്യും. ദാഹിക്കുന്നവർക്ക് യേശു എന്ന ജീവജലനദിയിൽ നിന്ന് സൗജന്യമായി പാനം ചെയ്യാവുന്നതാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ പ്രവാഹം ഉണ്ടാകും (യോഹന്നാൻ 7:38). യേശുക്രിസ്തുവിലൂടെ ദൈവസഭയിൽ വെളിപ്പെട്ട ജീവൻ പുറത്തേക്കൊഴുകുവാൻ കഴിയാതെ കെട്ടിക്കിടക്കുന്ന ഒരു ജലാശയം പോലെയല്ല. മറിച്ച്, ജീവൻ പ്രവഹിക്കുന്ന ഒഴുക്കുള്ള ഒരു നദി പോലെയാണ്. സഭ പരിശുദ്ധാത്മപ്രവാഹം ഉള്ള ഒരു ആത്മനദിയാകുന്നു എന്നു സാരം. ദേശത്തേക്ക് ദൈവീകജീവൻ ഒഴുക്കുന്ന ഒരിടമായി സഭ വെളിപ്പെടേണ്ടതാണ്.

ഇന്ന് അനേകരും മനുഷ്യന്റെ കൈപ്പണിയായ ദൈവാലയം എന്നു വിളിക്കപ്പെടുന്ന ഏതെങ്കിലും ഒരു സംഘടനയിൽ അംഗമായിരിക്കും. അത് ഒരു സംഘടന പോലെയോ ക്ലബ്ബ് പോലെയോ ആയിരിക്കും പ്രവർത്തിക്കുക. പ്രത്യേക ആത്മിക അനുഭവങ്ങളോ ആത്മിക ജീവനോ അവിടെ നിന്ന് ലഭിക്കുന്നില്ല. ഈ സത്യം പലർക്കും അറിയാം എങ്കിലും അവിടെത്തന്നെ തുടരുന്നു.

തിരുവെഴുത്തിൽ കാണുന്ന ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവസഭയിൽ അംഗമായിരിക്കുക എന്നതിനാണ് പ്രാധാന്യം. ദൈവം പണിയുന്ന, ദൈവം വസിക്കുന്ന സഭയിൽ നാം ആയിരിക്കുന്നുവോ എന്ന് പരിശോധിക്കുക.

യേശുവിന്റെ ജീവൻ നമ്മിലേക്കും നമ്മിലൂടെ മറ്റുള്ളവരിലേക്കും ഒഴുകട്ടെ. ഒരു ആത്മീയഗൃഹമായി ദേശത്ത് സഭ പണിയപ്പെടട്ടെ. ജീവിക്കുന്ന ശിലയാണ് കർത്താവായ യേശു. ഈ ലോകത്തിലെ ജനങ്ങൾ ആ പാറയെ (യേശുവിനെ) വേണ്ടെന്നുവച്ചിരിക്കുന്നു. പക്ഷെ ദൈവം തിരഞ്ഞെടുത്ത ശിലയാണവൻ. ദൈവത്തിന് ക്രിസ്തു അമൂല്യനാണ്. അതുകൊണ്ട് തന്റെ അടുക്കലേക്കു വരിക. സഭയിലെ അംഗങ്ങൾ ജീവിക്കുന്ന ശിലകൾപോലെയാണ്. ദൈവം സ്വീകരിക്കുന്ന ആത്മീയയാഗങ്ങൾ അർപ്പിക്കുന്ന വിശുദ്ധപുരോഹിതരാകാനായി, ഒരുആത്മീയ ആലയം പണിയപ്പെടാനായി ദൈവം സഭയെ ഉപയോഗിക്കുന്നു. തിരുവെഴുത്ത് പറയുന്നത് നോക്കൂ, ഞാനൊരു അമൂല്യമായ മൂലക്കല്ലിനെ തിരഞ്ഞെടുത്തിരിക്കുന്നു. ആ കല്ലിനെ ഞാൻ സീയോനിൽ നിക്ഷേപിക്കുകയാണ്. അവനിൽ വിശ്വസിക്കുന്ന ഒരുവനും ഒരിക്കലും നിരാശനാകയില്ല. •

## 21 പൊയ്മുഖങ്ങൾ വലിച്ചെറിഞ്ഞില്ലെങ്കിൽ...

നമുക്ക് അവയെ വെളിച്ചത്തിലേക്ക് വലിച്ചിഴച്ച് യാഗപീഠത്തിൽ അർപ്പിക്കാം. യാതൊരു പാപചിന്തകളെയും താലോലിക്കരുത്. അതിൽ നിന്ന് പിന്തിരിയുക, അതിനെ മറികടക്കാൻ ദൈവം കൃപ നൽകും! രഹസ്യപാപത്തിന്റെ ആനന്ദങ്ങൾ ചിലർക്ക് ലഹരിയാണ്. അതിനെ ജയിച്ചാൽ മറുവശത്ത് നിത്യജീവനും നിത്യമഹത്വവുമുണ്ട്. ഉറച്ച സമാധാനവും ശാശ്വത സന്തോഷവുമുണ്ട്, കവിഞ്ഞൊഴുകുന്ന ആനന്ദവുമുണ്ട്.

ഏലിയാവ് പറഞ്ഞതുപോലെ, 'നിങ്ങൾ ആരെ സേവിക്കണമെന്ന് ഇന്ന് തിരഞ്ഞെടുക്കുക. 'ദൈവം, ദൈവമാണെങ്കിൽ, അവനെ സേവിക്കുക. ബാൽ, ദൈവമാണെങ്കിൽ അവനെ സേവിക്കുക' തിരഞ്ഞെടുപ്പ് മന:പ്പൂർവ്വം നടത്തുക. ദൈവം അത് ചെയ്യാൻ സഹായിക്കട്ടെ! അത്തരമൊരു തിരഞ്ഞെടുപ്പ് നടത്താൻ ദൈവത്തിന്റെ കൃപാകടാക്ഷമില്ലെങ്കിൽ നിങ്ങൾക്ക് അതിനു കഴിയില്ല. അതെ, ദൈവത്തിന്റെ സഹായത്താൽ, ഇതെല്ലാം ഞാൻ ഉപേക്ഷിക്കുന്നു എന്ന് പറയാൻ കഴിയുമോ? ക്രിസ്തു എന്നിൽ ജീവിക്കണം എന്നു നിങ്ങൾക്ക് പ്രാർത്ഥിക്കുവാൻ കഴിയുമോ? ദൈവത്തെ സേവിക്കുവാൻ തീരുമാനിച്ചാൽ ഒരിക്കലും ആ തിരഞ്ഞെടുപ്പിൽ ഖേദിക്കേണ്ടിവരില്ല. പ്രത്യുത, ഒരു സന്തുഷ്ട മനുഷ്യനായി കാണപ്പെടും.

അതെ, ക്രിസ്തു പറയുന്നത് കേൾക്കൂ: 'രണ്ട് കണ്ണുമുള്ളവനായി നരകത്തിലേക്ക് എറിയപ്പെടുന്നതിനേക്കാൾ, ഒരു കണ്ണുമായി ജീവനിൽ പ്രവേശിക്കുന്നതാണ് നല്ലത്. എന്നെന്നേക്കുമായി നരകത്തിലേക്ക് എറിയപ്പെടുന്നതിനേക്കാൾ, ജീവനിൽ പ്രവേശിക്കുന്നതാണ് ഏവർക്കും നല്ലത്. ഒരിക്കൽ രഹസ്യപാപങ്ങൾ വെളിപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും. അയ്യോ! ആ ഭയാനക ദിവസത്തിൽ, എന്ത് സംഭവിക്കും? തിരുവെഴുത്തുകൾ വിശ്വസിക്കാൻ ദൈവം കൃപ നൽകട്ടെ! ഉള്ളിൽ രഹസ്യമായ ദുഷ്ടത ഒളിഞ്ഞിരിക്കുന്നുവോ? അജ്ഞാതമായ പാപത്തിൽ ഏർപ്പെടുന്നുണ്ടോ? കർത്താവേ, എന്റെ ആത്മാവിനെയും എല്ലാ ചിന്തകളെയും പരിശോധിക്കണമേ. ഞാൻ വഴി തെറ്റുമ്പോഴെല്ലാം എന്റെ കാലുകളെ തിരിച്ചു അങ്ങയുടെ പൂർണ്ണതയുള്ള വഴിയിൽ നടത്തണമേ എന്നായിരിക്കട്ടെ നമ്മുടെ സമർപ്പണവും പ്രാർത്ഥനയും. •

**അസാധ്യമായതിനെ പിടിച്ചെടുക്കുന്നവരെയാണ് ക്രിസ്തു അന്വേഷിക്കുന്നത്. അവർ സർവ്വശക്തന്റെ ജ്ഞാനത്തിലും സർവ്വശക്തിയിലും വിശ്വാസം അർപ്പിച്ചുകൊണ്ട് പാതയിൽ പ്രതികൂലമായി നിൽക്കുന്ന തടസ്സത്തിന്റെ മതിലുകൾ ദൈവത്താൽ ചാടിക്കടക്കും. വഴിയിൽ പോരാടുന്ന ദുരാത്മാക്കളാകുന്ന സിംഹങ്ങളെയും തേളുകളെയും ആത്മശക്തിയാലും കൃപയാലും യേശുവിന്റെ നാമത്തിൽ കാൽക്കീഴിലാക്കി ജയാളികളാകും. പുരോഗതിയെ തടസ്സപ്പെടുത്തുന്ന മഹാപർവ്വതം മുമ്പിൽ വന്നാൽ അതിനെ സമഭൂമിയാക്കും. അവർ യേശുവിന്റെ പടയാളികളാണ്. ലക്ഷ്യം കാണുന്നതു വരെയും യുദ്ധം ചെയ്യുന്നവരാണ്.**

*സി. ടി .സ്റ്റഡ്*



## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ

**ജോയ് എം. തോമസ്**

# പരീശന്മാരും ദശാംശവും

***കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചുകളകയും ചെയ്യുന്നു. അതു ചെയ്കയും ഇതു ത്യജിക്കാതിരിക്കയും വേണം. കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു (മത്തായി 23:23,24)***

ഉപദേശം, വിശ്വാസം, ജീവിത കാഴ്ചപ്പാട് ഇതെല്ലാം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. ഉപദേശം ശരിയായിരുന്നാൽ മാത്രമേ വിശ്വാസം ശരിയാവുകയുള്ളൂ. വിശ്വാസം ശരിയാണെങ്കിൽ ജീവിതത്തോടുള്ള കാഴ്ചപ്പാടും ശരിയാവും. പരീശന്മാരുടെ ഉപദേശം തെറ്റായിരുന്നതിനാൽ വിശ്വാസവും തൽഫലമായി ജീവിത കാഴ്ചപ്പാടും തെറ്റിപ്പോയി.

ദശാംശം എന്നത് ന്യായപ്രമാണത്തിൽ ദൈവം നൽകിയിരിക്കുന്ന ശക്തമായ കൽപ്പനയാണ്. ന്യായം, കരുണ, വിശ്വസ്തത എന്നത് ന്യായപ്രമാണത്തിന്റെ അന്ത:സ്സത്തയാണ്. ന്യായപ്രമാണത്തിന്റെ അന്ത:സ്സത്ത ഉൾക്കൊണ്ടുകൊണ്ട് മാത്രമേ ന്യായപ്രമാണം അനുസരിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ പരീശന്മാർക്ക് അത് കഴിഞ്ഞില്ല. അതിനാൽത്തന്നെ ന്യായപ്രമാണം ഗ്രഹിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും അവർ തെറ്റിപ്പോയി. ഈ അബദ്ധം നമുക്ക് സംഭവിക്കാതിരിക്കണമെങ്കിൽ നാം വളരെ സൂക്ഷ്മത ഉള്ളവരായിരിക്കണം.

ദശാംശത്തെ കുറിച്ചുള്ള ദൈവകൽപ്പന വളരെ ശക്തമാണ്. 'നിലത്തിലെ വിത്തിലും, വൃക്ഷത്തിന്റെ ഫലത്തിലും ദേശത്തിലെ ദശാംശം ഒക്കെയും യഹോവയ്ക്ക് ഉള്ളത് ആകുന്നു. അത് യഹോവയ്ക്ക് വിശുദ്ധം. ആരെങ്കിലും തന്റെ ദശാംശത്തിൽ ഏതാനും വീണ്ടെടുക്കുന്നു എങ്കിൽ അതിനോട് അഞ്ചിലൊന്നു കൂടെ ചേർത്ത് കൊടുക്കണം' (ലേവ്യാപുസ്തകം 27:30,31). ഇത്രയും ശക്തമായ ദൈവകൽപ്പന ഉള്ളപ്പോൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ എല്ലാം കൃത്യമായി ദശാംശം കൊടുക്കുന്ന പരീശന്മാർ എത്ര വലിയ ഭക്തരാണ് എന്നല്ലേ നാം ചിന്തിക്കുക. അവർ ഭക്തരെന്ന് അവർ ധരിച്ചു, മറ്റുള്ളവരും ധരിച്ചു. എന്നാൽ കർത്താവ് അവരെ കപടഭക്തരായിട്ടാണ് കണ്ടത്.

ദൈവം നൽകിയിരിക്കുന്ന എല്ലാ കൽപ്പനകളെയും അർഹിക്കുന്ന പ്രാധാന്യതയിൽ കാണുന്നതിനും അനുസരിക്കുന്നതിനും നമുക്ക് കഴിയണം. എന്തിനെങ്കി

ലും അമിത പ്രാധാന്യം കൊടുക്കുമ്പോൾ മറ്റൊന്നിന്റെ പ്രാധാന്യം കുറയ്ക്കുകയാണ്. അതുകൊണ്ട് ഉപദേശത്തിൽ സന്തുലനം പാലിക്കേണ്ടത് ആവശ്യം. അതല്ല എങ്കിൽ വിശ്വാസം തെറ്റുകയും ജീവിത കാഴ്ചപ്പാട് വികലമാവുകയും ചെയ്യും.

ദശാംശത്തിന് അമിത പ്രാധാന്യം കൊടുത്ത പരീശന്മാർ ന്യായപ്രമാണത്തിന്റെ അന്ത:സത്തയായ ന്യായം, കരുണ, വിശ്വസ്തത ഇവ അവഗണിച്ചു. എത്ര ഭോഷത്തമാണ് അവർ ചെയ്തത്. ന്യായം അഥവാ നീതി, ന്യായപ്രമാണത്തിലെ കാതലായ കാര്യമാണ്. ദൈവം നീതിമാനായതുകൊണ്ട് അവിടുന്ന് നീതിയെ ഇഷ്ടപ്പെടുന്നു. എല്ലാ അന്യായത്തെയും അനീതിയെയും അവിടുന്ന് വെറുക്കുന്നു. നീതിയിൽ അധിഷ്ഠിതമായ ജീവിതത്തിനായിട്ടാണ് ന്യായപ്രമാണം നൽകപ്പെട്ടത്. ഹൃദയത്തിൽ നീതിബോധം നിറയുമ്പോൾ പ്രവൃത്തികൾ നീതിയുള്ളതായിത്തീരും.

നീതിക്ക് ഒപ്പം, കരുണയുള്ള ഹൃദയം അത്യാവശ്യമാണ്. കരുണയുള്ളവർക്കാണ് മറ്റുള്ളവരെ അവരുടെ സാഹചര്യങ്ങൾ മനസ്സിലാക്കി സഹായിക്കുവാൻ കഴിയുന്നത്. അപ്പോൾ മാത്രമാണ് വാസ്തവത്തിൽ നീതി പ്രവർത്തിക്കുന്നതും! കരുണയില്ലാത്ത കഠിനഹൃദയർ അന്യായം പ്രവർത്തിക്കുന്നവരാണ്. പരീശന്മാരും ശാസ്ത്രിമാരും മോശെയുടെ പീഠത്തിൽ ഇരുന്നുകൊണ്ട് ഭാരമേറിയ ചുമടുകൾ ജനങ്ങളുടെ തോളിൽ വച്ച് കൊടുക്കുന്നവരായിരുന്നു എന്നും, ഒരു ചെറുവിരൽ കൊണ്ടുപോലും കഷ്ടപ്പെടുന്ന ജനങ്ങളെ സഹായിക്കുവാൻ താല്പര്യമില്ലാത്ത കഠിനഹൃദയർ ആയിരുന്നു എന്നും കർത്താവ് അവരോട് പറഞ്ഞുവല്ലോ. ശബത്തിൽ രോഗികളെ സൗഖ്യമാക്കിയതിനെ എതിർത്തതും അവരുടെ കരുണയില്ലാത്ത കഠിനഹൃദയത്തിന്റെ വെളിപ്പെടുത്തൽ ആയിരുന്നു. കരുണയില്ലാതെ നിയമത്തിൽ കാർക്കശ്യം പുലർത്തിയപ്പോൾ അവർ ജനങ്ങളോട് പ്രവർത്തിച്ചത് അന്യായമായിരുന്നു. ഇന്നും ഇതിന് സമാനമായ ധാരാളം കാര്യങ്ങൾ നമുക്ക് ചുറ്റും കാണുന്നില്ലേ? 'കരുണ കാണിക്കുന്നവർക്ക് മാത്രമേ കരുണ ലഭിക്കുകയുള്ളൂ എന്നും, കരുണ കാണിക്കാത്തവന് കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും' (യാക്കോബ് 2:13) എന്നും വചനം മുന്നറിയിപ്പ് നൽകുന്നു.

ന്യായപ്രമാണത്തിൽ ഘനമേറിയ മറ്റൊന്നാണ് വിശ്വസ്തത. ദൈവത്തോട് വിശ്വസ്തരായവർ ദൈവത്തിന്റെ കൽപ്പനകൾ പ്രമാണിക്കുന്നതിൽ ഉത്സാഹികൾ ആയിരിക്കും. അപ്പോൾ സ്വാഭാവികമായും അവർ മറ്റുള്ളവരോട് വിശ്വസ്തർ ആയിരിക്കും. വിശ്വസ്തർ ഉത്തരവാദിത്വബോധമുള്ളവരും ഉത്സാഹികളും യഥാസമയം അവരുടെ ജോലികൾ പൂർത്തീകരിക്കുന്നവരും ആയിരിക്കും. അവർ ചെയ്യുന്ന ജോലികൾ കൃത്യനിഷ്ഠതയോടെയും മികവോടെയും ചെയ്തുതീർക്കും. അന്യായം ചെയ്യുവാൻ അവർക്ക് കഴിയുകയില്ല.

**ദശാംശത്തിന് അമിത പ്രാധാന്യം കൊടുത്ത പരീശന്മാർ ന്യായ പ്രമാണത്തിന്റെ അന്ത:സത്തയായ ന്യായം, കരുണ, വിശ്വസ്തത ഇവ അവഗണിച്ചു. എത്ര ഭോഷത്തമാണ് അവർ ചെയ്തത്. ന്യായം അഥവാ നീതി, ന്യായ പ്രമാണത്തിലെ കാതലായ കാര്യമാണ്.**

ന്യായം, കരുണ, വിശ്വസ്തത എന്നിവ ഒന്ന് ഒന്നിനോട് ബന്ധപ്പെട്ടിരിക്കും. മൂന്നും ചേർന്നു പ്രവർത്തന നിരതമാകുമ്പോഴാണ് ഈ ഓരോ ഗുണവും നമ്മിൽ ശക്തി പ്രാപിക്കുന്നത്. ദശാംശത്തിന് മാത്രമല്ല പ്രാധാന്യം. ദശാംശത്തിന് പ്രാധാന്യം നൽകിയ പരീശന്മാരും ശാസ്ത്രന്മാരും ന്യായപ്രമാണത്തിലെ ഘനമേറിയ ഈ ഗുണങ്ങൾ ത്യജിച്ചതു അവർ മനസ്സിലാക്കിയില്ല.

'കുരുടന്മാരായ വഴികാട്ടികൾ' എന്നാണ് കർത്താവ് പരീശന്മാരെയും ശാസ്ത്രിമാരെയും വിശേഷിപ്പിക്കുന്നത്. ദൈവീക വിഷയങ്ങളിൽ അജ്ഞരായിരിക്കുന്ന ഇവർ ആത്മീയ നേതാക്കൾ ആയിരിക്കുന്നതിന്റെ യുക്തി ചോദ്യം ചെയ്യുകയാണ് കർത്താവ്. വെള്ളം അരിച്ച് അതിൽ നിന്നും കൊതുകിനെ നീക്കം ചെയ്തിട്ട് അതിലുള്ള ഒട്ടകത്തെ വിഴുങ്ങുന്നത് പോലെയുണ്ട് ദശാംശത്തിന് കാർക്കശ്യക്കാരായ ഇവർ. ന്യായം, കരുണ, വിശ്വസ്തത എന്നിങ്ങനെ ന്യായപ്രമാണത്തിലെ ഘനമേറിയവ ഇവർ ത്യജിക്കുന്നു. ഈ അബദ്ധം നമുക്ക് സംഭവിക്കാതെ ഇരിക്കട്ടെ.

കർത്താവ് സന്തുലിതമായിട്ടാണ് സംസാരിച്ച

ത്. ദശാംശം ആവശ്യമില്ല എന്നു കർത്താവ് പറഞ്ഞില്ല. 'അത് ചെയ്യുകയും ഇത് ത്യജിക്കാതിരിക്കുകയും വേണം' എന്നാണ് കർത്താവ് കൽപ്പിച്ചത്. ന്യായം, കരുണ, വിശ്വസ്തത, എന്നിവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടു ദശാംശത്തിന്റെ കാര്യത്തിലും ദൈവകൽപ്പന പ്രമാണിക്കണം. ദശാംശത്തെക്കുറിച്ചുള്ള ചിന്ത ദ്രവ്യാഗ്രഹത്തിന് മുഖാന്തരം ആകരുത്. അതായത് കൂടുതൽ കിട്ടണമെന്ന ആർത്തിയിൽ ദശാംശം കൊടുക്കരുത്. ദൈവത്തിനുള്ളത് എന്നു ഗ്രഹിച്ചുകൊണ്ട് ദ്രവ്യാഗ്രഹമില്ലാതെ കർത്താവിനെ സ്നേഹിച്ചുകൊണ്ട് ആകണം ദശാംശം മുഴുവൻ നൽകുവാൻ. കൊടുക്കുന്നത് എപ്പോഴും അനുഗ്രഹത്തിന് കാരണമാകും എന്നത് വാസ്തവമാണ്.

ദശാംശം കൊടുക്കുവാൻ ആരംഭിച്ചത് വിശ്വാസികളുടെ പിതാവായ അബ്രഹാം ആണ്. അദ്ദേഹം വിശ്വാസത്താൽ ചെയ്തതാണ് ( ഉല്പത്തി 14:20). തനിക്ക് ലഭിച്ച വിജയത്തിന്റെ എല്ലാ മഹത്വവും ദൈവത്തിനു കൊടുത്തുകൊണ്ടുള്ള വിശ്വാസത്താലുള്ള ഒരു പ്രവൃത്തി ആയിരുന്നു ദശാംശം. തുടർന്ന് അബ്രഹാമിന്റെ മക്കൾ അത് ചെയ്തു പോരണം എന്നും ദൈവം മോശെയിൽക്കൂടി ഇസ്രായേൽ ജനത്തോട് കൽപ്പിച്ചു.

പുതിയനിയമത്തിൽ ദശാംശം കൊടുക്കേണ്ട എന്ന ഉപദേശമില്ല. പഴയനിയമത്തിൽ ആചരിച്ചു വന്നിരുന്ന ശബത്ത്, വാവ്, ഉത്സവങ്ങൾ ഇവ എല്ലാം നിഴലുകൾ ആയിരുന്നു (കൊലൊസ്യർ 2:16). അവ എല്ലാം ക്രിസ്തുവിൽ നിവർത്തിക്കപ്പെട്ടത് കൊണ്ട് നാം അവ ആചരിക്കേണ്ടതില്ല. എന്നാൽ ദശാംശം ആ കൂട്ടത്തിൽ പെടുന്നില്ല. ദശാംശത്തിലും അധികം നൽകുവാനാണ് വാസ്തവത്തിൽ കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്. വിധവ തനിക്കുള്ളത് മുഴുവൻ ഇട്ടതിനെ കർത്താവ് പ്രശംസിക്കുന്നതിനാൽ (ലൂക്കോസ് 21:14) നമ്മെ ഓർപ്പിക്കുന്നത് അതാണ്. ദൈവസ്നേഹം നമ്മിലുള്ളപ്പോൾ ആത്മീയ പ്രവർത്തനങ്ങൾക്കായി ചിലവിടുവാൻ നമുക്ക് ഉത്സാഹം ഉണ്ടാകുമല്ലോ. •

## പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും

**സഹോദരൻ ആവശ്യത്തിലാണെന്ന് കണ്ടിട്ടും അവനെ സഹായിക്കാൻ തയ്യാറായില്ലെങ്കിൽ ദൈവസ്നേഹം അവനിൽ ഇല്ല എന്ന് വ്യക്തം. പണം നൽകി സഹായിക്കുന്നതാണ് അനേകർക്കും ബുദ്ധിമുട്ടായിരിക്കുന്നത്. ഈ ലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ലോകം വിട്ടു പോകുമ്പോൾ ഒന്നും കൊണ്ടുപോകയുമില്ല. ഇപ്പോൾ അനുഭവിക്കുന്ന സകലത്തിന്റെയും കാര്യസ്ഥർ മാത്രമാണ് നാം എന്ന് തിരുവെഴുത്ത് പഠിപ്പിക്കുന്നു. താലന്ത് കുഴിച്ചിട്ട മനുഷ്യനെപ്പോലെ ദൈവം നമ്മെ ഏൽപ്പിച്ചത് ദുരുപയോഗം ചെയ്താൽ കഠിനമായ ന്യായവിധി ഉറപ്പാകുന്നു. നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണ്. അത് സ്വന്ത ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കാതെ മറ്റുള്ളവർക്കു കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. മറ്റുള്ളവർക്ക് നൽകുന്നത് അവർക്കാശ്വാസവും ദൈവത്തിനു പ്രസാദവുമാണ്. ദു:ഖത്തിലും കഷ്ടപ്പാടിലും ആയിരിക്കുന്നവർക്കു നമുക്കുള്ളത് പങ്കിടുന്നതിലൂടെ ദൈവത്തോടുള്ള നമ്മുടെ സ്നേഹം വെളിപ്പെടുത്തുന്നു. സ്നേഹിക്കാനുള്ള നമ്മുടെ പ്രാപ്തി പോലും ദൈവത്തിൽ നിന്നുള്ള ദാനമാണ്. നിങ്ങളുടെ സുഭിക്ഷം മറ്റുള്ളവരുടെ ദുർഭിക്ഷത്തിനു ഉതകണം എന്നും, പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും സന്തോഷത്തോടെ കൊടുത്തു എന്നും, തുരുവെഴുത്ത് പ്രബോധിപ്പിക്കുന്നു. ഇതിൽ നിന്നും ദശാംശത്തിലും അധികം നൽകണമെന്ന് വ്യക്തമാണല്ലോ. ദരിദ്രരെ മറക്കാതെയുള്ള കർത്താവിന്റെ പ്രവൃത്തിയും വാക്കും നമുക്കെന്നും പ്രചോദനമാകട്ടെ.**

കൂട്ടാക്കിയില്ല. ചെങ്കടൽക്കര മുതൽ ദൈവത്തിന്റെ ഇടപെടലുകളെ അവർ 'ഭാരം' എന്നാണു വിശേഷിപ്പിച്ചത് (പുറപ്പാട് 14:11). മരുഭൂമിയിൽ എപ്പോഴും അവർ പിറുപിറുത്തു (പുറപ്പാട്16:2). യിസ്രായേൽ ദൈവത്തിനു ഒരു ഭാരമായി... അവരുടെ മത്സരഭാരം വർധിച്ചുവന്നപ്പോൾ ദൈവം പറഞ്ഞു: 'നാല്പതുവർഷം ഞാൻ ഈ ഭാരം വഹിച്ചു. ആകയാൽ, അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ല'

പാപികൾക്ക്, കയീന്റെ കാലം മുതൽ ദൈവത്തിന്റെ ഇടപെടൽ അസഹനീയമാണെന്ന ചിന്തയാണ്! സ്വന്തം സഹോദരനെ കൊന്ന കയീന് ദൈവം താരതമ്യേന കുറഞ്ഞ ശിക്ഷയാണു (മാനുഷികമായി പറഞ്ഞാൽ) കൊടുക്കുന്നത്. എന്നാൽ, കയീൻ പറയുന്നതു എന്റെ ശിക്ഷ കൂടുതലാണെന്നാണ്. 'എന്റെ കുറ്റം പൊറുപ്പാൻ കഴിയുന്നതിനെക്കാൾ വലിയതാകുന്നുന്നു' (ഉല്പത്തി 4:13) എന്നാണു മലയാള തർജ്ജമ. എന്നാൽ, എന്റെ കുറ്റത്തിന്റെ ശിക്ഷ എനിക്കു സഹിക്കാവുന്നതിനെക്കാൾ വലിയ ഭാരമാണ് (The punishment from my sin is greater than I can bear)എന്നാണു അവൻ പരാതി പറയുന്നത്. കയീനെ നയിക്കുന്നതു പാപബോധമല്ല, അനുതാപമല്ല, പ്രത്യുത, ദൈവം വലിയ ശിക്ഷ നൽകി തന്നെ ഭാരപ്പെടുത്തുന്നുവെന്നാണ്. അനുതാപമില്ലാത്ത ഏതു പാപിയും ചിന്തിക്കുന്നതു ദൈവം അവനെ അന്യായമായി ഭാരപ്പെടുത്തുന്നുവെന്നാണ്! എന്നാൽ, വാസ്തവമെന്താണ്? ഒരു പാപി ദൈവത്തിനു ഭാരമാവുകയാണ്. ദൈവം പാപിയെ സ്നേഹിക്കുന്നുണ്ട്? എപ്പോഴും സ്നേഹിക്കുന്നുണ്ട്. എന്നാൽ, വിശുദ്ധനായ ദൈവത്തിനു പാപിയെ താങ്ങുവാൻ കഴിയുമെങ്കിലും അവന്റെ പാപത്തെ നിസ്സാരമായി കാണുവാൻ കഴികയില്ല. അതുകൊണ്ടു ദൈവം പറയുന്നു: 'നിന്റെ അകൃത്യങ്ങളെ ഒക്കെയും ഞാൻ നിങ്ങളിൽ സന്ദർശിക്കും' (ആമോസ് 3:2).'ഒന്നുകിൽ നിന്റെ പാപത്തെ നീ താഴെയിടുക. അല്ലെങ്കിൽ എനിക്കു നിന്നെ താഴെയിടേണ്ടി വരും!'. പുരോഹിതനോ ജനമോ 'യഹോവയുടെ ഭാരം' എന്നു ഇനി പറയുന്നുവെങ്കിൽ ഞാൻ ആ മനുഷ്യനെയും അവന്റെ ഭവനത്തെയും സന്ദർശിക്കും (യിരെമ്യാവ് 23:33,34).

ജനം 'ഭാരം' എന്നു വിളിക്കുന്ന യിരെമ്യാപ്രവാചകന്റെ പ്രവചനം, ശരിക്കും ശിക്ഷാവചനങ്ങ

**വിശുദ്ധനായ ദൈവത്തിനു പാപിയെ താങ്ങുവാൻ കഴിയുമെങ്കിലും പാപത്തെ നിസ്സാരമായി കാണുവാൻ കഴികയില്ല. അതുകൊണ്ടു ദൈവം പറയുന്നു: നിന്റെ അകൃത്യങ്ങളെ ഒക്കെയും ഞാൻ നിങ്ങളിൽ സന്ദർശിക്കും ഒന്നുകിൽ പാപത്തെ നീ താഴെയിടുക. അല്ലെങ്കിൽ എനിക്കു നിന്നെ താഴെയിടേണ്ടി വരും.**

ളല്ല, മുന്നറിയിപ്പുകളാണ്. 'ഇതാ, ഞാൻ ജീവന്റെ വഴിയും മരണത്തിന്റെ വഴിയും നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു' (യിരെമ്യാവ് 21:8). നിങ്ങൾ തിരഞ്ഞെടുക്കുന്നതു തെറ്റായ വഴിയെങ്കിൽ മരണം ഉറപ്പ്! അതാണു മുന്നറിയിപ്പ്. കള്ളപ്രവാചകൻ വന്നു പറയുന്നു...'അങ്ങനെയൊന്നുമില്ല... എല്ലാ വഴിയും ജീവന്റെ വഴിയാണ്...പേടിക്കേണ്ട എന്നു യഹോവ പറയുന്നു'. അപ്പോൾ ആത്മിക അന്ധകാരത്തിൽ കഴിയുന്ന ജനം പറയുന്നു. നമ്മുടെ അല്ലറചില്ലറ ദുഷ്ടതകളൊക്കെ ദൈവം കണക്കാക്കുന്നില്ലെങ്കിൽ– സമാധാനമാണു മുന്നിലെങ്കിൽ, 'മരണത്തിന്റെ വഴി' എന്നൊക്കെപ്പറഞ്ഞു യിരെമ്യാവ് എന്തിനു ഞങ്ങളെ പേടിപ്പിക്കുന്നു. കടിച്ചുകീറുന്ന, ഭാരപ്പെടുത്തുന്ന യഹോവയെ മാത്രമേ ഇയാൾക്കു പരിചയമുള്ളോ?"

കള്ളപ്രവാചകന്മാർ ആശ്വാസവചനം പ്രസംഗിച്ച് ദുഷ്ടന്മാരുടെ 'പേടി' മാറിയപ്പോൾ അവർ കളിയാക്കി ചോദിക്കാൻ തുടങ്ങി... പ്രവാചകനേ, എന്താണ് അടുത്ത ഭാരം? 'എന്റെ മുന്നറിയിപ്പുകളെ ഭാരം എന്നു വിളിക്കുന്നുവെങ്കിൽ, നിങ്ങളുടെ വാക്കുതന്നെ നിങ്ങൾക്കു ഭാരമായിത്തീരും' (യിരെമ്യാവ് 23:36) എന്നു ദൈവം മറ്റൊരു മുന്നറിയിപ്പുകൂടെ നല്കുന്നു. നാം ദൈവത്തെ എങ്ങനെ അറിയുന്നുവോ, അങ്ങനെയാണു ദൈവം നമുക്ക്...ദൈവത്തിന്റെ വെളിപ്പാടുകൾ നാം എങ്ങനെ ഏറ്റെടുക്കുന്നു എന്നതനുസരിച്ചു

ദൈവം നമ്മോടു ഇടപെടുന്നതും വ്യത്യസ്തമായിരിക്കും. 'റാത്തൽ' കൊണ്ടു ബിസിനസു ചെയ്യാൻ രാജാവു ദാസന്മാരെ ഏല്പിക്കുന്ന ഉപമയിൽ (ലൂക്കൊസ്19:11–27) പത്തു റാത്തൽ നേടിയവനും അഞ്ചു റാത്തൽ നേടിയവനും യജമാനനിൽനിന്നു നല്ല പ്രംശസ ലഭിക്കുന്നു. എന്നാൽ, ഒരുത്തൻ വ്യാപാരം ചെയ്യാതെ റാത്തൽ മടക്കിക്കൊടുത്തിട്ടു പറഞ്ഞു: 'നീ വെയ്ക്കാത്തത് എടുക്കുകയും വിതയ്ക്കാത്തത് കൊയ്യുകയും ചെയ്യുന്ന കഠിന മനുഷ്യനാണെന്നു എനിക്കറിയാം. ഇതാ, നിന്റെ റാത്തൽ!' (ലൂക്കൊസ് 19:21). കർത്താവ് അവനോടു പറയുന്നു: 'ഞാൻ കഠിന മനുഷ്യനെന്നു നീ പറയുന്നുവല്ലോ...അതെ, നിനക്കു ഞാൻ കഠിനമനുഷ്യനാണ്! നിന്റെ വായിൽനിന്നു തന്നെ ഞാൻ നിന്നെ ന്യായം വിധിക്കും!'(ലൂക്കൊസ്19:22).

യഹോവയുടെ ഇടപെടലുകളെ ഭാരം എന്നു നാം വിളിക്കുമ്പോൾ നാം യഹോവയ്ക്കു ഒരു ഭാരമാകുകയാണ്. പിന്നെ അവൻ നമ്മെ താഴത്തിട്ടേ പറ്റൂ. എന്നാൽ, പിന്നെ എങ്ങനെയാണു യഹോവയുടെ മുന്നറിയിപ്പുകളോടു നാം പ്രതികരിക്കേണ്ടത്? 'യഹോവ നിന്നോടു എന്തുത്തരം പറഞ്ഞിരിക്കുന്നു? യഹോവ എന്ത് അരുളിച്ചെയ്തിരിക്കുന്നു... എന്നിങ്ങനെയത്രേ പ്രവാചകനോടു ചോദിക്കേണ്ടത്' (യിരെമ്യാവ് 23:37). ഭാരം (burden) എന്നല്ല; ഉത്തരം (answer); അരുളപ്പാട് (spoken) എന്നിങ്ങനെയാവണം പ്രവാചകനോടു ചോദി ക്കേണ്ടത്. ഈ രണ്ടു വാക്കുകളുടെ മൂലാർത്ഥം വളരെ പ്രസക്തമാണ്. 'ഉത്തരം' എന്നതു 'കണ്ണ്' എന്ന വാക്കിൽ നിന്നുള്ള ഒരു പദമാണ്.'എന്റെ പ്രവൃത്തികളെ ദൈവം എങ്ങനെ കാണുന്നു?' എന്നാണു ഓരോരുത്തരും പ്രവാചകനോടു ചോദിക്കേണ്ടത്. 'പ്രതികരണം' (respond) എന്നും ആ വാക്കിനർത്ഥം ഉണ്ട്. 'എന്റെ പ്രവൃത്തികളോടുള്ള ദൈവത്തിന്റെ പ്രതികരണം എന്താണ്' എന്നാണു യഥാർത്ഥത്തിൽ പ്രവാചകനോടു നാം ചോദിക്കേണ്ടത്. 'അരുളിച്ചെയ്തിരിക്കുന്നു' എന്ന സ്ഥലത്തു മൂലഭാഷയിൽ 'ക്രമീകരണം' എന്ന ധാതുവിൽ നിന്നുള്ള ഒരു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രവാചകനോടുള്ള എന്റെ ചോദ്യം, 'എന്റെ ജീവിതത്തിലെന്തു ക്രമീകരണം വരുത്തണമെന്നാണു ദൈവം ആവശ്യപ്പെടുന്നത്?' എന്നാകണം!

ഒന്ന് ആലോചിച്ചുനോക്കുക... ദൈവത്തിന്റെ മുന്നറിയിപ്പുകളോടുള്ള നമ്മുടെ പ്രതികരണം

**കർത്താവേ,
എന്റെ പ്രവൃത്തികളോടുള്ള
അങ്ങയുടെ പ്രതികരണം
എന്താണ്? ഇതു പറഞ്ഞു
തരുന്നവനാണ്
പ്രവാചകൻ. ഇതു
ചോദിക്കുന്നവനാണ്
ആത്മികൻ!**

എന്താണ്? 'ദൈവം എന്തുകൊണ്ട് എന്റെമേൽ കല്പനയുടെ ഭാരം വച്ചമർത്തുന്നു' എന്നാണോ? കയീനെപ്പോലെ, 'എന്റെ ചെറിയ തെറ്റുകൾക്കു ന്യായമായതിൽ കൂടുതൽ ദൈവം എന്നെ ഭാരപ്പെടുത്തുന്നു' എന്നു നമുക്കു ചിന്തയുണ്ടോ? എന്റെ സ്വതന്ത്രജീവിതത്തിൽ ദൈവം ഇടപെടുന്നതു ഭാരമായിത്തോന്നുന്നുവെങ്കിൽ ഞാൻ ദൈവത്തിനു ഒരു ഭാരമാവുകയാണ്. എന്റെ പാപം ദൈവത്തിനു ഭാരമായി തുടരുമ്പോൾ അവന് എന്നെ നിലത്തെറിഞ്ഞു കളഞ്ഞേ പറ്റൂ (യിരെമ്യാവ് 23:38–40). എന്താണു ദൈവം പ്രതീക്ഷിക്കുന്നത്? 'എന്താണ് അങ്ങയുടെ ഉത്തരം, എന്താണ് അങ്ങയുടെ അരുളപ്പാട്?'(യിരെമ്യാവ് 23:37) എന്നും തന്നെ. 'ദൈവമേ, എന്റെ പ്രവൃത്തികളെ അങ്ങ് എങ്ങനെ കാണുന്നു?' 'കർത്താവേ, എന്റെ പ്രവൃത്തികളോടുള്ള അങ്ങയുടെ പ്രതികരണം എന്താണ്?' ഇതു പറഞ്ഞു തരുന്നവനാണ് പ്രവാചകൻ. ഇതു ചോദിക്കുന്നവനാണ് ആത്മികൻ!

കർത്താവേ, പലപ്പോഴും അങ്ങയുടെ ഇടപെടലുകളെ ഞാൻ 'ഭാരം' എന്നു വിളിച്ചു. അകൃത്യങ്ങളിൽ മുങ്ങിക്കിടന്നപ്പോഴും ഞാൻ ആശ്വാസവചനം കൊതിച്ചു. എന്നോടു ക്ഷമിക്കേണമേ. അങ്ങ് നീതിമാൻ! അങ്ങ് ഭാരപ്പെടുത്തുന്നവനല്ല. കർത്താവേ, അങ്ങ് എന്നെ എങ്ങനെ കാണുന്നുവെന്നും, എന്റെ പ്രവൃത്തികളോടുള്ള അങ്ങയുടെ പ്രതികരണം എന്തെന്നും തിരിച്ചറിയുവാൻ എന്നെ പഠിപ്പിക്കണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ●

# വ്യാജന്മാർ പെരുകുന്നു

**2025** ജൂലൈ മാസം 24 ാം തീയതി മനോരമയിൽ വന്ന വാർത്ത വ്യാജന്മാർ ഏതെല്ലാം മേഖലകൾ കയ്യടക്കിയിട്ടുണ്ട് എന്നതിന്റെ തെളിവാണ്. 'വെസ്റ്റ് ആർക്ടിക്ക' എന്ന ഇല്ലാത്ത രാജ്യത്തിന്റെ പേരിൽ എട്ടു വർഷമായി എംബസി പ്രവർത്തിപ്പിച്ച് തട്ടിപ്പ് നടത്തിയ വ്യാജ അംബാസിഡർ ആണ് പിടിയിലായതാണ് വ്യാജമായ നമ്പർപ്ലേറ്റ് ഉള്ള ആഡംബര കാറുകൾ, 34 രാജ്യങ്ങളുടെ വ്യാജ സീലുകൾ, മോർഫ് ചെയ്ത ചിത്രങ്ങൾ, വ്യാജ നയതന്ത്ര പാസ്പോർട്ടുകൾ എന്നിവയുമായി ഹർഷവർധൻ എന്ന ആളാണ് അറസ്റ്റിലായത്. ഉത്തർപ്രദേശിലെ ഒരു വാടകവീട്ടിൽ പ്രവർത്തിച്ചിരുന്ന വ്യാജ എംബസി പോലീസ് അടച്ചുപൂട്ടി. ഈ സാങ്കല്പിക രാജ്യത്തിന്റെ പേരിലുള്ള പതാകയും, ഇന്ത്യയുടെ ദേശീയ പതാകയും വരെ എംബസിയിൽ ഉയർത്തിയിരുന്നു. എംബസിയുടെ മറവിൽ വിദേശജോലി തട്ടിപ്പും, ഹവാല ഇടപാടുകളും നടത്തിയിരുന്നു. വിദേശ കറൻസിയും 44 ലക്ഷം രൂപയും അവിടെനിന്ന് കണ്ടെടുത്തു. ആളുകളുടെ വിശ്വാസം നേടാൻ രാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് പ്രമുഖർ എന്നിവർക്കൊപ്പം നിൽക്കുന്ന തരത്തിൽ മോർഫ് ചെയ്ത ചിത്രങ്ങൾ ഇയാൾ ഉപയോഗിച്ചിരുന്നു. ഇത് മാത്രമല്ല ഛത്തീസ്ഗഡിൽ ഈയിടെ വ്യാജബാങ്ക് ശാഖ കണ്ടെത്തിയിരുന്നു. ഗുജറാത്തിൽ കഴിഞ്ഞകൊല്ലം ഒക്ടോബറിൽ പോലീസ് പിടികൂടിയത് 5 കൊല്ലം വ്യാജമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു കോടതിയാണ്. വ്യാജ ടോൾ പ്ലാസയിലൂടെ 12 കൊല്ലം കൊണ്ട് 75 കോടി രൂപ തട്ടിയെടുത്തത് മറ്റൊരു വാർത്ത. മൂന്നുവർഷം മുമ്പ് ബീഹാറിൽ പോലീസ് പിടിച്ചത് വ്യാജ പോലീസ്സ്റ്റേഷൻ നടത്തിയവരെ. പരാതിക്കാരിൽ നിന്ന് പണം വാങ്ങുക, കൈക്കൂലി വാങ്ങൽ തുടങ്ങിയവയായിരുന്നു ഇവരുടെ കലാപരിപാടികൾ. തോക്കുമായി നടന്ന വ്യാജപോലീസുകാരനെ കണ്ട്, യഥാർത്ഥ പോലീസിന് സംശയം തോന്നിയതാണ് അവരെ പിടികൂടാൻ ഇടയായത്. ഡൽഹിക്ക് അടുത്ത് നോയിഡയിൽ ഈയിടെ റിട്ടയേർഡ് കോളേജധ്യാപകന്റെ ഫ്ളാറ്റിൽ എത്തിയത് വ്യാജ കോടതി ഉദ്യോഗസ്ഥനായിരുന്നു. അധ്യാപകന്റെ പേരിൽ വ്യാജ അറസ്റ്റു വാറണ്ട്, ലഹരിമരുന്ന് ഉപയോഗിച്ചു എന്ന പേരിൽ ആണ് കൊണ്ടുവന്നത്.

ഈ വാർത്തകളിൽ വ്യാജ നയതന്ത്ര കാര്യാലയം, വ്യാജ കോടതി, വ്യാജ പോലീസ്, വ്യാജ ബാങ്ക്, വ്യാജ ടോൾ പ്ലാസ എന്നിങ്ങനെ വിവിധ മേഖലകളിൽ, പുതിയ രൂപത്തിലും ഭാവത്തിലും വ്യാജന്മാർ കണക്കിലധികം പെരുകി നിറഞ്ഞു നിൽക്കുകയാണ്. ഇത് കൂടാതെ വ്യാജ ഡോക്ടർമാർ, വ്യാജ മരുന്നുകൾ, വ്യാജ ഓ ടി പി വഴിയുള്ള തട്ടിപ്പുകാർ, സൈബർ മേഖലയിലെ വ്യാജന്മാർ, വ്യാജ കറൻസികൾ, വ്യാജ പാസ്പോർട്ട് എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത വ്യാജന്മാർ ധൈര്യസമേതം വിലസുന്ന ഇക്കാലയളവിൽ ജീവിതം തന്നെ ദുസ്സഹമായിത്തീർന്നിരിക്കുന്നു. നിയമനിർമ്മാണവും നിയമ നടപടിയും വഴി ഭരണകർത്താക്കൾ ഇതിനു തടയിടാൻ ശ്രമിക്കുമ്പോൾ, അതിനെ മറികടക്കുവാൻ കുതന്ത്രം മെനയുന്ന കുബുദ്ധികളാണ് വ്യാജന്മാർ എന്നത് പരിഹാരം ഏതാണ്ട് അസാധ്യമാക്കുകയാണ്. ആത്മികരംഗത്ത് വിലസുന്ന വ്യാജന്മാരാണ് ഏറെ വേദനാജനകം. സ്ഥാന മാന പദവി മോഹികൾ, വ്യാജ പ്രവാചകന്മാർ, വ്യാജ സുവിശേഷകർ, വ്യാജ അപ്പോസ്തലന്മാർ, വചന വിരുദ്ധ വ്യാജ സഭകൾ, വ്യാജ ഉപദേഷ്ടാക്കന്മാർ എന്നിങ്ങനെ നിരവധി പേരുകളിൽ, സ്ഥിരമാനസരല്ലാത്തവരും പക്വതയിലേക്കു വളരാത്തവരുമായവരെ വഞ്ചിച്ച് നരകയോഗ്യരാകുന്നു, സത്യമാർഗ്ഗവും ദൈവനാമവും ദുഷിക്കപ്പെടുന്നു. ചോദ്യമിതാണ്: സെക്കുലർ മേഖലയിലെ വ്യാജന്മാർക്കു മൂക്കുകയറിടാൻ അധികാരികളുണ്ട്. എന്നാൽ ആത്മിക മേഖല നാഥനില്ലാക്കളരിയോ? 'ചൂള പോലെ കത്തുന്ന ദിവസം' വരുന്നതിനു മുന്നമേ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിയുക എന്നതാണ് പരിഹാരം. •

# സ്നേഹത്തിന്റെയും സൗമ്യതയുടെയും സമന്വയമാണ് സ്വർഗ്ഗരാജ്യഉൽകൃഷ്ടത

ദൈവത്തിന്റെ ഒന്നാമത്തെ കല്പനയും രണ്ടാമത്തെ കല്പനയും ഏതെന്ന് അറിയാത്ത ക്രിസ്തു വിശ്വാസികൾ ഏറെയാണ്. പലർക്കും പലതാണ് പ്രധാനമായ കൽപ്പന. നാം ഇഷ്ടപ്പെടുന്നതും അനുസരിക്കാൻ എളുപ്പമുള്ളതും ആണ് ദൈവത്തിന്റെ ഒന്നാമത്തെ കൽപ്പനയായി മിക്കപ്പോഴും സ്വീകരിക്കുക. പരീശനായ ഒരു നിയമപണ്ഡിതന്റെ ചോദ്യത്തിനുള്ള മറുപടിയായി യേശുക്രിസ്തു പറഞ്ഞത് ഇപ്രകാരം: 'നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കുക, ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന'. തുടർന്നു കർത്താവ് ഇങ്ങനെ കൂട്ടിച്ചേർത്തു. 'രണ്ടാമത്തെ കല്പനയും അതുപോലെ തന്നെയാണ്, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' (മത്തായി 22 :36 –40).

യേശുകർത്താവ് തന്റെ അരുമശിഷ്യരോട് ക്രൂശീകരണത്തിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ പറഞ്ഞതും സ്വർഗ്ഗത്തേക്കാൾ ഉന്നതമാണ്. അത് ഇതായിരുന്നു.'ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്ക് തരുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുക, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക'(യോഹന്നാൻ 13 :34). ഈ പരമപ്രധാനമായ കല്പന അനുസരിക്കാൻ തയ്യാറാകുന്നവരോട് ഒരു അഡീഷണൽ പാഠം കർത്താവ് പഠിപ്പിച്ചതും നാം എന്നും ഓർക്കേണ്ടതുണ്ട്. 'നിങ്ങൾ എന്റെ നുകം വഹിക്കുക. എന്നിൽ നിന്നും പഠിക്കുക. കാരണം ഞാൻ സൗമ്യശീലനും വിനീതഹൃദയനുമാണ് (Gentle and humble). ദൈവത്തോടും മനുഷ്യരോടും ഉള്ള സമ്പൂർണ്ണമായ വിധേയത്വം ആണ് സൗമ്യതയും താഴ്മയും വെളിപ്പെടുത്തുന്നത്. അതെ, പരമപ്രധാനമായ കല്പനകൾ അനുസരിക്കുമ്പോൾ പുറത്ത് വരുന്ന ക്രിസ്തുസ്വഭാവമാണ് സൗമ്യതയും താഴ്മയും. പൊയ്മുഖങ്ങളില്ലാത്ത നിർവ്യാജ സ്നേഹവും അഭിനയങ്ങളില്ലാത്ത യഥാർത്ഥ സൗമ്യതയും നമ്മിൽ വെളിപ്പെടുമ്പോഴാണ് നാം സത്യത്തിൽ ക്രിസ്തുവിന്റെ ശിഷ്യരാവുക. അങ്ങനെയുള്ളവരെയാണ് സ്വർഗ്ഗരാജ്യത്തിലെ വലിയവരായി കർത്താവ് പരിഗണിക്കുക. ശിശുവിനെപ്പോലെ സ്വയം എളിമപ്പെടുന്നവനായിരിക്കും സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ (മത്തായി18:1 4).

ഉവ്വ്, നാം സ്വർഗ്ഗരാജ്യത്തിലെ വലിയവരോ അതോ സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കാൻ യോഗ്യത നേടാത്തവരോ എന്ന് നമുക്ക് നമ്മോടു തന്നെ ചോദിക്കാം.

–എംസി

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.08.2025


NERVEEDHI AUGUST 2025
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025


## ആർ.പി പബ്ലിക്കേഷൻസിൽ നിന്നും

വേദപുസ്തകത്താളുകളിൽ കുറിക്കപ്പെട്ടിട്ടുള്ള പലരും ജീവിതകാലത്ത് വേണ്ടവിധം അംഗീകാരം ലഭിച്ചവരോ അർഹമായവിധം പ്രശംസിക്കപ്പെട്ടവരോ ആയിരുന്നില്ല. എന്നാൽ, ''മരിച്ചശേഷവും അവർ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു''
അവരാരും തന്നെ മനുഷ്യരാലുള്ള മാനം ലക്ഷ്യമാക്കി പ്രവർത്തിച്ചവരുമല്ല. ഉള്ളിൽ ജ്വലിച്ച വിശ്വാസത്തിന്റെ വെളിച്ചത്തിൽ നടന്നവരും ഭാവികാലമോർത്ത് ആനന്ദിച്ചവരുമാണവർ.




ഇപ്പോൾ ലഭ്യമാണ്

ദൈവിക പ്രമാണങ്ങൾ പാലിച്ചാൽ അനുഗ്രഹിക്കപ്പെട്ട കുടുംബജീവിതം ഓരോരുത്തർക്കും സാധ്യമാണ്. അപ്പോൾ ദൈവം അവരിലൂടെ ചെയ്യുവാനിരിക്കുന്ന പദ്ധതിയുടെ പൂർത്തീകരണം സാധ്യമാകുകയും അവരുടെ ജീവിതം പൂർണ്ണ അനുഗ്രഹവും ലക്ഷ്യപ്രാപ്തിയുള്ളതും ആകുകയും ചെയ്യും.
അനുഗ്രഹീതവും സന്തുഷ്ടി നിറഞ്ഞതുമായ കുടുംബജീവിതത്തിന് ആവശ്യമായ പ്രായോഗിക ഉപദേശങ്ങൾ.

SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST
Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678


*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.